# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഡിസംബർ 21 | ദീപം 56 | നാളം 41 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# അനുരഞ്ജനത്തിന്റെ അൾത്താരയൊരുക്കാം

■ സാബു ജോസ്

ഫ്രാൻസിസ് മാർപാപ്പായെ അനുസരിക്കാതെ ആർക്കെങ്കിലും കത്തോലിക്കാസഭയിൽ തുടരാൻ കഴിയുമോ? അദ്ദേഹത്തിന്റെ നിർദേശങ്ങളെ അംഗീകരിക്കാതെ വിശ്വാസികളെ നയിക്കാൻ ആർക്കെങ്കിലുമാകുമോ? ഇത്തരം ചോദ്യങ്ങൾക്ക് എന്തു പ്രസക്തിയെന്ന് ചോദിച്ചേക്കാം.

എന്നാൽ, 'മാർപാപ്പായ്ക്കു തെറ്റുപറ്റി; നമുക്കു തിരുത്താം' എന്നു പറഞ്ഞുകൊണ്ട് ചിലർ പൊതുവേദിയിൽ തലനീട്ടിയിരിക്കുന്നു. അവർ പഠിച്ച ദൈവശാസ്ത്രവും തിരുവചനങ്ങളും, വഹിച്ച പദവികളും, അവരുടെ 'അപാര'കഴിവുകളും വിളമ്പുന്നു. ഇരിക്കുന്ന മരക്കൊമ്പു മുറിക്കുന്ന ഇവരുടെ മനസ്സിന്റെ താളം തെറ്റിയെന്നു പറയാതെ വയ്യ. അവർക്കായി ആത്മാർങ്കിലും കുറവുണ്ടാകുമ്പോൾ അതു രാജ്യത്തിന്റെ യശസ്സിനെ തന്നെ ബാധിക്കുന്നു. ഏതാനും വ്യക്തികളുടെ വീഴ്ചകൾ എല്ലാവരുടെയും വേദനയും വിഷമവുമായി മാറുന്നു. ഇതുപോലൊരു അവസ്ഥയിലൂടെയാണ് സീറോ മലബാർ സഭ ഇപ്പോൾ കടന്നുപോകുന്നത്. ചുരുക്കം ചിലരുടെ വഴിതെറ്റിയ വാക്കും പ്രവർത്തനങ്ങളും സാർവത്രികസഭയിലെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു.

കത്തോലിക്കാസഭയും അതിന്റെ കർമപദ്ധതികളും ഭൂമിയിലെ മുഴുവൻ മനുഷ്യരെയും സ്നേഹിക്കുന്നതും കരുതുന്നതുമാണ്. ആരെയും അവഗണിക്കുന്നതോ മാറ്റിനിർത്തുന്നതോ അല്ല; മനുഷ്യജീവനെ സ്നേഹിക്കാൻ, ആദരിക്കാൻ, സംരക്ഷിക്കാൻ ആത്മാർഥമായി പരിശ്രമിക്കുന്നതാണ് സഭയുടെ ദർയിക്കുന്നു. അവർ വേദനയിലും പ്രാർഥനയിലുമാണ്.

**മാർ ആലഞ്ചേരി സമാനതകളില്ലാത്ത ആത്മീയവ്യക്തിത്വം**

ഒരിക്കൽ പരിചയപ്പെട്ടവർ പിന്നീടൊരിക്കലും മറക്കാത്ത വ്യക്തിത്വമാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. വിശ്വാസികൾക്ക് എപ്പോഴും അദ്ദേഹത്തെ സമീപിക്കാമായിരുന്നു; ആർക്കും ഫോണിൽ വിളിക്കാമായിരുന്നു. അങ്ങനെ കേരളത്തിൽ എത്ര മെത്രാന്മാരുണ്ട്?

എറണാകുളം-അങ്കമാലി അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് സമിതിയംഗമായും, പൊതുകാര്യസമിതിയുടെ കൺവീനറായും പിന്നീട് കെസിബിസി പ്രൊലൈഫ് സംസ്ഥാന സമിതിയുടെ ജനറൽ സെക്രട്ടറി, പ്രസിഡണ്ട് എന്നീ നിലകളിലും സീറോ മലബാർ സഭയുടെ പ്രൊ ലൈഫ് അപ്പോസ്തലേറ്റിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായും പ്രവർത്തിച്ച അവസരങ്ങളിൽ ആലഞ്ചേരിപ്പിതാവിനെ അടുത്തറിയുവാനും, നിർദേശങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്. പ്രൊലൈഫ് ശുശ്രൂഷകൾക്ക് അദ്ദേഹം വലിയ പ്രാധാന്യം നൽകി.

സ്ഥാനത്യാഗംവഴി കർദിനാൾ മാർ ജോർജ് ആലഞ്ചേരി സഭയിലും സമൂഹത്തിലും കൂടുതൽ കരുത്തനായിരിക്കുകതന്നെയാണ്. കുതിപ്പിനുമുമ്പുള്ള കിതപ്പായിമാത്രം ഈ സ്ഥാനത്യാഗത്തെ കാണുന്നവരുണ്ട്.

▶ 8


ഥമായി പ്രാർഥിക്കാം. അതല്ലാതെ നമുക്കു നിർവഹിക്കാൻ മറ്റൊന്നുമില്ല.

* * *

ഭാരതം ലോകത്തിനു മാതൃകയാണ്. നിരവധി വെല്ലുവിളികൾ പല വിധത്തിൽ അഭിമുഖീകരിക്കുമ്പോഴും രാജ്യം അതിന്റെ സവിശേഷതകളിൽ അഭിമാനിക്കുന്നു. ഭാരതത്തിലെ ഏതെങ്കിലും ഒരു പൗരനു ലഭിക്കുന്ന അംഗീകാരവും മികവും മറ്റെല്ലാ പൗരൻമാർക്കും അഭിമാനിക്കാനും സന്തോഷിക്കാനും അവസരം നൽകുന്നു. മികവുപോലെതന്നെ മനുഷ്യമഹത്ത്വത്തിനു യോജിക്കാത്ത എന്തെശനം. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന നയമാണത്. ദൈവജനം എന്നാണ് വിശ്വാസിസമൂഹത്തെ വിശേഷിപ്പിക്കുന്നതുതന്നെ.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് സ്ഥാനത്യാഗവും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ എറണാകുളം അതിരൂപതയ്ക്ക് അയച്ച വീഡിയോ സന്ദേശവും സഭാംഗങ്ങളും സമൂഹവും വിലയിരുത്തി വരികയാണ്. പുറത്തുവരുന്ന ലേഖനങ്ങളും വിലയിരുത്തലുകളും അതീവജാഗ്രതയോടെ വിശ്വാസികൾ വാ





# ത്യാഗധനനായ സുവിശേഷവാഹകൻ



മാർ ജോസഫ് കല്ലറങ്ങാട്ട്

*സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ്പദവിയിൽനിന്നു സ്ഥാനത്യാഗം ചെയ്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെക്കുറിച്ച് പാലാ ജൂബിലിക്കപ്പേളയിൽ ഡിസംബർ എട്ടിനു നടത്തിയ പ്രസംഗത്തിൽനിന്ന്:*

ജന്മദോഷമില്ലാതെ പിറന്ന മറിയത്തിന്റെ തിരുനാൾദിവസമാണ് നമ്മുടെ സഭാതലവന്റെ സ്ഥാനത്യാഗത്തെക്കുറിച്ച് അറിയുന്നത്. മറിയം ജന്മദോഷമില്ലാതെ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ, കർമദോഷങ്ങൾ ഒന്നുംതന്നെയില്ലാത്ത വലിയ ഒരു ഇടയശ്രേഷ്ഠനായിരുന്നു ആലഞ്ചേരി വലിയ മെത്രാപ്പോലീത്താ. അദ്ദേഹം നമ്മുടെ ഹൃദയത്തിൽനിന്നു വന്നവനും സഭയെ ഹൃദയത്തിൽ സൂക്ഷിക്കുന്നവനുമായ ഒരു വ്യക്തിയാണ്.

ഭക്തനും ശക്തനും ഉത്തമനുമായ ഒരു സുവിശേഷവാഹകനായിരുന്നു ആലഞ്ചേരി വലിയ മെത്രാപ്പോലീത്ത. സഭയുടെ സമ്പൂർണ ഐക്യം വിശുദ്ധ കുർബാനയിലായിരിക്കണമെന്ന് ആദിമസഭാപിതാക്കന്മാരെപ്പോലെ അദ്ദേഹവും നിർബന്ധം പിടിച്ചു. നമ്മളിന്ന് അർപ്പിക്കുന്ന തിയദോറിന്റെ കുർബാനക്രമവും, സന്ധ്യകളിലും മറ്റു മണിക്കൂറുകളിലും ചൊല്ലുന്ന യാമപ്രാർഥനയുമെല്ലാം വലിയ പിതാവിന്റെ വലിയ ഇടപെടൽമൂലം നമുക്കു കരഗതമായതാണ്. ഇത്ര സുവിശേഷപരിചയവും ദൈവജനപരിചയവും ലോകപരിചയവുമുള്ള ഒരു മേജർ ആർച്ചുബിഷപ് ഇന്ന് കത്തോലിക്കാ പൗരസ്ത്യസഭകളിൽ എവിടെയെങ്കിലുമുണ്ടോയെന്ന് എനിക്കു സംശയമുണ്ട്. അത്രമാത്രം ഈ ലോകം മുഴുവനും സുവിശേഷവുമായി ഓടിനടന്ന ഒരു മഹാവ്യക്തിയായിരുന്നു അദ്ദേഹം.

കരുണയുടെ ഒരു വലിയ പിതാവായിരുന്നു ആലഞ്ചേരി വലിയ മെത്രാപ്പോലീത്താ. കർദിനാൾ ന്യൂമാൻ തന്റെ ഗ്രന്ഥത്തിൽ പലപ്പോഴും ആവർത്തിക്കുന്ന ചെറിയ രണ്ടു വാക്കുകളാണ് ക്രൂവൽ മേഴ്സി എന്നത്. ഒരു പാരഡോക്സാണ് ക്രൂവൽ മേഴ്സി. കാരണവന്മാർ കുട്ടികളെ ശകാരിക്കുന്നതും ശിക്ഷിക്കുന്നതും സ്നേഹമില്ലാത്തതുകൊണ്ടല്ല; തിരുത്തലുകൾക്കുവേണ്ടിയാണ്. കർദിനാൾ ന്യൂമാൻ ക്രൂവൽ മേഴ്സി എന്നു പറഞ്ഞതിന്റെയും അടിസ്ഥാനമിതാണ്: കാര്യം പറയണം; എന്നാൽ, എല്ലാവരെയും സ്നേഹിക്കണം. തെറ്റു തിരുത്തണം; എന്നാൽ, ആരെയും ഉപേക്ഷിക്കരുത്.

▶ 9


Christmas COLLECTION STARTING @ ₹299/-
UP TO 10% OFF ON WEDDING PURCHASE*
*T&C Apply
മാംഗല്യം
SHOPPING FESTIVAL
വെഡ്ഡിംഗ് ഡിസൈനർ സാരി, ബ്ലൗസ്, ലെഹംഗ, ഗൗൺ എന്നിവ
എല്ലാ ഷോറൂമുകളിലും കസ്റ്റമൈസ് ചെയ്ത് നൽകുന്നതാണ്.
99
Pulimoottil
SILKS
OPP. KSRTC BUS STAND, PALA 0482-2200744
THRISSUR | THODUPUZHA | THIRUVALLA | KOTTAYAM | KOLLAM | WWW.PULIMOOTTILONLINE.COM PULIMOOTTILONLINE



നിഷ ആന്റണി

# ഉറുവാച്ചിയിലെ സുന്ദരി

ഉറുവാച്ചിക്കുന്നിന്റെ മുകളിലായിരുന്നു കരടി അവറാച്ചന്റെ ഭാര്യയായിരുന്ന ഏലം താമസിച്ചിരുന്നത്. ഒരുകാലത്ത് ഉറുവാച്ചിക്കുന്നും അതിന്റെ താഴ്‌വാരങ്ങളും അടക്കിഭരിച്ചിരുന്നവനായിരുന്നു കരടി അവറാച്ചൻ. ഭൂസ്വത്തുകൊണ്ടല്ല, കാര്യപ്രാപ്തികൊണ്ടാണെന്നുമാത്രം. കുടിയേറിവന്നപ്പോൾമുതൽ കിടക്കാനും കൃഷിചെയ്യാനും ഇത്തിരി സ്ഥലം ചോദിച്ച് ആരു വന്നാലും അവറാൻ കൊടുക്കും. അവറാനു കൊടുത്തിരുന്ന ബഹുമതിയുടെയും മുഖസ്തുതിപുരസ്കാരങ്ങളുടെയും ഒരു പങ്ക് അദ്ദേഹത്തിന്റെ മരണശേഷവും നാട്ടുകാര് ഭാര്യയായ ഏലത്തിനും മക്കൾക്കും നികുതിപോലെ നൽകിക്കൊണ്ടിരുന്നു. മരണവീടുകളിലും കല്യാണവീടുകളിലും എന്തിന്, ഉറുവാച്ചിയിലെ മീൻചാപ്പയിൽപോലും ഏലവും മക്കളും ചെന്നാൽ പ്രജകൾ വഴിമാറിക്കൊടുത്തു. കാര്യങ്ങൾ ഇങ്ങനെയൊക്കെ ഒഴുകിയിരുന്നെങ്കിലും ഏലത്തിന്റെ മനസ്സിലൊരു മഞ്ഞുമല രൂപംകൊള്ളുന്നത് നാരകപ്പറമ്പിൽ മത്ത്യാസ് ഒഴികെ മറ്റാരും അറിഞ്ഞില്ല.

“മത്ത്യാസേ, കൊച്ചിത്തറ അന്തോണീസിന്റെ മകൻ ഈനാച്ചൂന് സർക്കാരുദ്യോഗം കിട്ടീന്നു പറയുന്നതു നേരാണോ?”

മുറ്റത്തിട്ടിരുന്ന കസേരയിലിരുന്ന് കിഴക്കുദിച്ചുവരുന്ന സൂര്യവെളിച്ചം കൊള്ളുകയായിരുന്നു ഏലം.

ഉറുവാച്ചിക്കുന്നിന്റെ മുകളിലേക്കുവീഴുന്ന മഞ്ഞുകട്ടി മുഴുവൻ തന്നെയാണുകുളിർപ്പിക്കുന്നത് എന്ന മട്ടിൽ ഏലം കരിമ്പടം ഒന്നൂടി മാടിപ്പുതച്ചു. വെളുത്ത ചട്ടയ്ക്കും മൽമൽമുണ്ടിനും മീതെ കരിമ്പടം ഏലത്തിനെ ചൂടുപിടിപ്പിച്ചുകൊണ്ടിരുന്നു.

“അവനെങ്ങനെ ഉദ്യോഗം കിട്ടാനാ എന്റേലക്കൊച്ചേ? അറുത്തകൈയ്ക്ക് ഉപ്പുതേക്കാത്തോനാ അവന്റപ്പൻ അന്തോണി. പത്താംതരം കഴിഞ്ഞ് അവനെ പഠിപ്പിക്കാമ്പോലും വിട്ടിട്ടില്ല. പിന്നെങ്ങനാ അവനു ജോലി?”

പത്രവാർത്തകളിൽനിന്ന് കണ്ണെടുത്ത മത്ത്യാസ് അല്പം കൂടി നടന്ന് ഏലത്തിനരികിൽ ചെന്നുനിന്നു. കഴിഞ്ഞ അമ്പതു വർഷത്തെ ശീലം തെറ്റിക്കാതെ ഭവ്യതയോടെ ഏലത്തിന്റെ ചെവിക്കരികിലേക്കു വായ് എത്തിച്ചു ചോദിച്ചു:

“ആരാ എന്റേലക്കൊച്ചിനോട് ഈ നൊണയൊക്കെ പറഞ്ഞൂട്ടത്. അവന് സർക്കാർ ജോലിയല്ല, കളക്ടറുദ്യോഗം കിട്ട്യാപ്പോലും ഇവ്ടത്തെ കുട്ടീനെ അവനു കെട്ടിച്ചുകൊടുക്കണ്ട. പോരേ?”

“മത്ത്യാസിനോട് ഞാമ്പറിഞ്ഞിട്ടില്ലേ എന്റേലം എന്റേലം എന്നെന്നെ വിളിക്കരുതെന്ന്. കഴിഞ്ഞ ദെവസം ജിജോമോന്റെ എളേ പെണ്ണ് എന്നോടു ചോദിക്കുവാ. വല്ല്യമ്മച്ചീനെ എന്നാത്തിനാ മത്ത്യാസപ്പാപ്പൻ എന്റേലക്കൊച്ചേന്നു വിളിക്കുന്നതെന്ന്.” അതു പറഞ്ഞതും വൃദ്ധയായിത്തീർന്ന സുന്ദരി വല്യമ്മയുടെ മൂക്കു ചുവന്നു. രക്തം ഇരച്ചുകയറി ചുണ്ടു നനഞ്ഞു.

“മത്ത്യാസ് ഇച്ചിരിയങ്ങ് നീങ്ങിനിന്നേ.” ഏലം പറഞ്ഞു.

“ഞാനെന്നാത്തിനാ ഇങ്ങനെ വിളിക്കുന്നതെന്ന് ഏലക്കൊച്ചിനറിയാലോ? ഞാമ്പോയാലും എന്റേലത്തിനെ നോക്കണേ മത്ത്യാസേ” എന്നു പറഞ്ഞോണ്ടാ മൊതലാളി പോയത്? മത്ത്യാസ് ഈ കുടുമ്മത്തോടു കൂറില്ലാത്തോനല്ല.”

വർഷങ്ങൾക്കുമുമ്പ് കാട്ടുറോഡ് വെട്ടിത്തെളിക്കാൻ ഒരു ദിവസം വൈകിയെത്തിയതുകൊണ്ടുമാത്രം അവറാനു സ്വന്തമായിപ്പോയ ഏലത്തിനെ അയാൾ റിവൈൻഡ് ചെയ്തെടുത്തു. ഇതുവരെയും പുറത്തെടുക്കാത്ത രഹസ്യത്തെ അയാൾ വാക്കാലൊളിപ്പിച്ചെങ്കിലും കണ്ണുകൾ പലപ്പോഴും മത്ത്യാസിന്റെ പ്രണയരഹസ്യത്തെ ഒറ്റി. കണിമുടങ്ങിയാലുള്ള ദിവസത്തിന്റെ ശരികേടു മാറ്റുവാനെന്നോണം മത്ത്യാസ് ഉറുവാച്ചിക്കുന്നിന്റെ തുഞ്ചത്തുള്ള പടുസുന്ദരിയെ കാണാൻ ദിവസേന കയറിച്ചെന്നുകൊണ്ടിരുന്നു.

“ആ വെളിവില്ലാത്തോനും നുമ്മടെ ജീനേം തമ്മിൽ ലോഹ്യാന്നാ നാട്ടുകാര് പറയുന്നെ.” ശീതക്കാറ്റിൽ നനഞ്ഞ വെള്ളിത്തലമുടികൾ ചെവിക്കരികിലേക്ക് ഒളിപ്പിച്ചുവച്ച് ഏലം പറഞ്ഞു.

“ആരു പറഞ്ഞെന്നാ ഏലക്കൊച്ച് പറയുന്നത്. അസൂയക്കാരല്ലാതെ മറ്റാരേലും ഈ കുടുമ്മത്തിനെക്കുറിച്ച് ഈ വർത്താനം പറയ്യോ? അന്തസ്സില്ലാത്ത വഷളുകള്.”

മത്ത്യാസ് തോളത്തുകിടന്നിരുന്ന വെള്ളത്തോർത്തെടുത്തു കുടഞ്ഞു. ശേഷം ഒരുതുണ്ടു വെറ്റിലയിൽ പുകയിലവച്ചു ചുരുട്ടിയെടുത്തു രണ്ടാക്കി ഒരു കഷണം ഏലത്തിനു കൊടുക്കുകയും, ബാക്കിവന്നത് സ്വന്തം നാവിലേക്കു ചുരുട്ടിവയ്ക്കുകയും ചെയ്തു.

“വഷളൻമാരാ എല്ലാം. അറുവഷളൻമാര്.”

മത്ത്യാസ് ഏലത്തിനോടു ചേർന്ന് വരാന്തയിലിരുന്നു.

“അല്ല ഏലക്കൊച്ചേ, ജീനയ്ക്ക് പുതിയ ആലോചനയൊന്നും ജോസ്മോൻ കൊണ്ടുവന്നില്ലേ?” മത്ത്യാസ് ചോദിച്ചു.

“അതിന് ജോസ്മോൻ വരുന്നതും, പോവുന്നതും ഞാൻ അറിയാറുണ്ടോ? അവന്റെ പെമ്പിളയ്ക്കു പൂതി കേറുമ്പംമാത്രം ഫോൺ ചെയ്തു വരുത്തും. രായ്ക്കുരാമാനം വന്ന് പെലകാലേ പോകും. പെറ്റ തള്ളയെ മകൻ അമ്മച്ചീന്നു വിളിച്ചിട്ട് മാസം ഒന്നായി. ആരോടു പറയാൻ, ആരു കേക്കാൻ. നാട്ടുകാരോടു പറയാൻ കൊള്ളുവോ എന്റെ നെഞ്ചുരുക്കം.”

ഏലത്തിന്റെ നൊമ്പരത്തിനുള്ള മറുപടി മത്ത്യാസിനു പറയേണ്ടിവന്നില്ല.

“അമ്മച്ചി എന്നാത്തിനാ ജോസൂട്ടിയെപ്പറ്റി വേണ്ടാതീനം പറഞ്ഞ് മത്ത്യാസപ്പാപ്പനെ കേൾപ്പിക്കുന്നെ. വല്ല കാലത്തുവാ ജോസൂട്ടി കുടുമ്മത്തു വന്നുകേറുന്നത്. രാത്രി ആറ്റില് കുളിച്ചുവന്ന് ചോറുണ്ണാനിരിക്കുമ്പോഴേക്കും അമ്മച്ചി വാറ്റീതടിച്ച് ഒറങ്ങിയിട്ടുണ്ടാവും. വിളിച്ചാ വിളീം കേക്കത്തില്ല.”

ജോസ്മോന്റെ ഭാര്യ സലോമി പെരയ്ക്കകത്തുനിന്ന് ഇറങ്ങിവന്നു. തഴപ്പായ മുറ്റത്തിറക്കി വിരിച്ചശേഷം കുനിഞ്ഞുനിന്ന് പഴന്തുണിക്കെട്ടിലെ കാപ്പിക്കുരു നിരത്താൻ തുടങ്ങി. വെയിൽവെളിച്ചം വീണ് കാപ്പിക്കുരുക്കുഞ്ഞുങ്ങൾ ചിരിച്ചു.

“അപ്പോ അടീണ്ടോ?” മത്ത്യാസ് ഏലത്തിനെ



നോക്കി ചിരിച്ചു.

“അപ്പൻ പോയേപ്പിന്നെ ഒറക്കമില്ലാന്നും പറഞ്ഞ് അമ്മച്ചി എന്നും പരാതിയാ. അങ്ങനെയാ ജോസൂട്ടി ജാതിക്കാ വാറ്റിക്കൊടുത്തത്. എന്നോടുതന്നെ ആ മനുഷന് മിണ്ടാട്ടം കൊറവാ. അമ്മച്ചി ഒറങ്ങുവാണേ ഒറങ്ങിക്കോട്ടേന്നു പറഞ്ഞോണ്ട് ജോസൂട്ടി പിന്നെ വിളിക്കാൻ നിക്കൂല.” സലോമി പറഞ്ഞു.

“നിന്നെപ്പോലെയാണോടി പെറ്റതള്ള. എന്നോടെങ്കിലും അവൻ രണ്ടക്ഷരം മിണ്ടണ്ടേ. കുഞ്ഞുന്നാളിലെ കരപ്പനും പനീം മാറിമാറി പരീക്ഷണമായിരുന്നു ചെറുക്കന്റെ മേല്. അഞ്ചാറു വർഷം ഞാനൊറങ്ങീട്ടില്ല. അന്നെന്റെ ചൂടുവേണായിരുന്നു ചെറുക്കന്. നീ വന്നേപ്പിന്നേ എന്റടുത്ത് വന്നിരുന്നിട്ടുകൂടിയില്ല അവൻ. എത്ര ദിവസായെടീ ജോസ്മോൻ എന്റടുത്തിരുന്ന് വല്ലോം കഴിച്ചിട്ട്.” ഏലം പറഞ്ഞു.

“അമ്മച്ചിക്കെന്നാ പറ്റിയെ? കേക്കുന്നോരു വിചാരിക്കും ഇവിടെ ഞാനും ജോസൂട്ടീം അമ്മച്ചീനെ നോക്കുന്നില്ലാന്ന്. കുടുംബമഹിമേം പറഞ്ഞോണ്ട് ഇവിടിരുന്നാ വീടിന്റെ ലോൺ ആരടയ്ക്കും അമ്മേച്ചീ? അമ്മച്ചീന്റെ കയ്യിലൊള്ളതു തരാൻ പറഞ്ഞാ തരോ? തരൂലല്ലോ, പിന്നെ എന്നാത്തിനാ ഈ ഒച്ചപ്പാട്?”

“അയ്യടി അവൾടെ ഒരു പൂതി. നെന്റെ ആഗ്രഹം ഒരിക്കലും നടക്കത്തില്ലടീ സലോമി” ഏലം കസേരയുടെ കൈയിൽ പിടിച്ചുകൊണ്ട് എഴുന്നേറ്റു. “പൊന്നും നൂലു മേടിക്കാനുള്ള എന്റെ വഹയൊന്നും ഞാനാർക്കും കൊടുക്കൂല. മത്ത്യാസിനു കേക്കണോ കത. ജോസ്മോൻ അന്നു ചെറുതാ. സന്ധ്യയ്ക്ക് അവന്റപ്പൻ പണീം കഴിഞ്ഞു വരുന്ന വരവിനാ കാലിനൊട്ട് ഒരു കൊത്ത്. സാധനം വളവളപ്പനാ. പാമ്പ് എരയെടുത്തതായിരുന്നോണ്ട് വെഷം കേറില്ല. എന്നാലും ഞാൻ പേടിച്ച പേടീര്. അന്നു നേർന്നതാ അരുവിത്തറവെല്ലിച്ചന് അതിയാന്റെ വലിപ്പത്തില് ഒരു പൊന്നുംനൂല്. അയിനൊള്ള പണം ബേങ്കിന്ന് എന്തുവന്നാലും ഞാനെടുക്കൂലടീ. ഞാൻ ചത്താപ്പോലും.”

ഏലം മുറുക്കിച്ചുവപ്പിച്ചതു നീട്ടിത്തുപ്പിയശേഷം കിതച്ചുകൊണ്ടു നടന്നു. ശേഷം എളിയിൽ കൈ കുത്തി നിന്നു.

“മരിക്കുന്ന കാര്യംമാത്രം എന്റേലക്കൊച്ച് പറയരുത്. വാക്കി എന്തും ഞാൻ സഹിക്കും.” മത്ത്യാസ് എണീറ്റുചെന്ന് ഗദ്ഗദത്തോടെ ഏലത്തിന്റെ ചെവിയിൽ പതിയെപ്പറഞ്ഞു.

“അമ്മച്ചി എന്തിനാ എഴുതാപ്പുറം വായിക്കുന്നെ? ജോസൂട്ടീടെ കഷ്ടപ്പാടോർത്തു പറഞ്ഞതാ ഞാൻ. എസ്റ്റേറ്റിലെ ഡ്രൈവറുപണി എന്നു വേണേലും തീരും.”

“അതെന്നാ സലോമീ നീ അങ്ങനെത്തെ വർത്താനം പറയുന്നേ. ഈപ്പച്ചൻതന്നെയല്ലേ എസ്റ്റേറ്റ് ഇപ്പോഴും കൈകാര്യം ചെയ്യുന്നത്.” മത്ത്യാസ് ചോദിച്ചു.

“അപ്പനപ്പാപ്പൻമാരുള്ള കാലത്തെ സ്നേഹോന്നും ഇപ്പോ ആർക്കെങ്കിലും ഉണ്ടാവ്വോ മത്ത്യാസപ്പാപ്പാ?”

സലോമി മറുപടി പറഞ്ഞുകൊണ്ട് കാപ്പിക്കുരുക്കൊട്ട കൊട്ടിയെടുത്തു.

“എവിടെയാടീ ജീനക്കൊച്ച്. രണ്ടാമത്തെ കുർബാന കഴിഞ്ഞിട്ടും പെണ്ണ് എവിടെപ്പോയീന്ന് അന്വേഷിക്കാത്ത തള്ള. കല്യാണപ്രായമായ പെമ്പിള്ളേരെ വഴീക്കൂടി തനിച്ചുനടത്തുന്നത് ശരിയാണോ മത്ത്യാസേ. നാട്ടില് ഒരൂട്ടം ബംഗാളികള് എർങ്ങീട്ടുണ്ടെന്നല്ലെ മത്ത്യാസ് പറഞ്ഞത്. നാട്ടുകാര് വേണ്ടാതീനം പറഞ്ഞാ പെണ്ണിനാ കേട്.” ഏലം പറഞ്ഞു.

‘അവളെ ഞാൻ നല്ല ചൊല്ലുവിളിക്കുതന്ന്യാ വളർത്തുന്നെ. പള്ളീപ്പോയി വരണവഴിക്ക് അവളെന്നും ജിൻസീടെ വീട്ടിലൊന്നു കയറും. അതിപ്പോ ഇത്ര വലിയ തെറ്റാണോ മത്ത്യാസപ്പാപ്പാ?”

സലോമി മറുപടി പറഞ്ഞുകൊണ്ട് അകത്തേക്കു കയറി. അതിനിടയിൽ തിരിഞ്ഞുനിന്നിട്ടു ചോദിച്ചു:

“അമ്മച്ചിക്കെന്നേലും കുടിക്കാൻ വേണോ?”

“കട്ടങ്കാപ്പി തെകത്തീതുണ്ടേൽ രണ്ട് ഗ്ലാസെടുത്തോ.”

സലോമി അകത്തേക്കു പോയതും മത്ത്യാസ് ഏലത്തിനടുത്തു ചെന്നുനിന്നു.

“ഈ മത്ത്യാസൊരു കാര്യം പറയട്ടെ. എന്തിനാ ഏലക്കൊച്ചിപ്പഴും ആ പണം ബേങ്കിലിട്ടിരിക്കുന്നെ. ആ പൈസ എടുത്തു കൊടുത്താ ജോസ്മോന്റെ ലോണടവ് തീരൂല്ലേ. പലിശ കൊടുത്തു മുടിയണോ? ചെറുക്കൻ എസ്റ്റേറ്റിലെ തണുപ്പടിക്കാതെ കുടുമ്മത്തു വന്നു കെടന്നോളും.”

ഏലത്തിന്റെ കണ്ണിൽനിന്നു കണ്ണീര് ഉറവയെടുത്തു.

“മത്ത്യാസുമാത്രം എന്നോടിതു പറയരുത്. അതിയാൻ ജീവിച്ചിരുന്നപ്പോ ഞാൻ നേർന്ന നേർച്ചയാ. അതെടുത്താപ്പിന്നെ പൊന്നുംനൂലെങ്ങനെ പണിയാനാ. നേർച്ച വീടീലെങ്കി അരുവിത്തറപ്പുണ്യാളൻ പെണങ്ങും. അവന് അവന്റെ പെമ്പിളേനെ മതീല്ലോ. അവൾടെ സ്വർണ്ണമങ്ങ് വിറ്റ് ലോണടച്ചോട്ടെ.”

ഏലം കരിമ്പടം മാറ്റി വരാന്തയ്ക്കു മുകളിലെ അയക്കോലിലിട്ടു. എന്നിട്ട് മുറ്റത്തു നിരത്തിയിരുന്ന കാപ്പിക്കുരു ഇളക്കി. വെള്ള മൽമൽമുണ്ടിലെ ഞൊറിവുകളിലേക്ക് മത്ത്യാസ് ഭൂതകാലത്തിന്റെ മധുരത്തോടെ നോക്കിയിരുന്നു. ഏലത്തിന്റെ ചിക്കിച്ചികയൽ കണ്ടുകൊണ്ടാണ് സലോമി കാപ്പിയുമായി വന്നത്. ഗ്ലാസുകൾ രണ്ടും വരാന്തയിൽ വച്ചിട്ട് സലോമി പതം പറഞ്ഞു:

“എന്റെ കർത്താവേ, അമ്മച്ചി ആൾക്കാരെക്കൊണ്ടു പറയിപ്പിക്കാനാണോ ഈ കസർത്ത്. ഞാനെളക്കിയിട്ടോളാം കാപ്പിക്കുരു.”

“എന്താടീ എന്റെ പെരേലെ കാപ്പിക്കുരു ഞാനെളക്ക്യാ കുഴപ്പം. എനിക്കയിനും അധികാരോല്ല്യേ? നീയെന്നെ പെരയ്ക്കാത്തു കേറ്റി പൂട്ടണ്ട.”

ഏലത്തിന്റെ കാലുകളിലെ വെൺമയിലേക്കു കണ്ണുംനട്ടിരുന്ന മത്ത്യാസ് ചാടിയെഴുന്നേറ്റു.

*ശേഷം 9-ാം പേജിൽ*




**ഡിസംബർ 24**
**മംഗളവാർത്തക്കാലം**
**നാലാം ഞായർ**

**പുറ 34:1–9**
**സഖ 2:7–13**
**വെളി 21:1–7**
**മത്താ 1:18–24**

# കൂടെ വസിക്കുന്ന ദൈവം



**ഫാ. ഡോ. തോമസ് വടക്കേൽ**

**ദൈ**വം നേരിട്ടുതന്നെയോ അല്ലെങ്കിൽ അവിടുത്തെ ദൂതർവഴിയോ മനുഷ്യകുലത്തോടു സംസാരിക്കുന്നതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ ആഴ്ചത്തെ നാലു വായനകളുടെയും പ്രധാന പ്രമേയച്ചരട് മനുഷ്യവർഗത്തോടൊത്തുള്ള ദൈവത്തിന്റെ വാസമാണ്. ഒന്നാംവായനയിൽ ദൈവം മോശയ്ക്കു പ്രത്യക്ഷനായി സംസാരിക്കുന്നു (പുറ. 34:1–9), രണ്ടാംവായനയിൽ ദൈവം തന്റെ ഇസ്രയേൽമക്കളുടെ കൂടെ വസിക്കുന്നു (സഖ. 2:7–13), മൂന്നാംവായനയിൽ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ വസിക്കുന്നു (വെളി. 21:1–7), നാലാം വായനയിൽ ദൈവം അമ്മനുവേൽ – കൂടെ വസിക്കുന്നവൻ – ആകുന്നു. ദൈവിക ഇടപെടലുകളും സംഭാഷണങ്ങളുമെല്ലാം അനുഗ്രഹദായകവും ആശ്വാസകരവും മംഗളകരവുമാണ്.

**പുറപ്പാട് 34:1–9:** വിഗ്രഹാരാധനയിലൂടെ ഇസ്രയേൽജനം ദൈവവുമായുള്ള ഉടമ്പടി ലംഘിച്ചു. മലയടിവാരത്തുവച്ച് മോശ കല്പലകകൾ തകർത്തുകളഞ്ഞത് കർത്താവുമായുള്ള ഉടമ്പടിലംഘനത്തിന്റെ അടയാളമായിരുന്നു. എങ്കിലും, കർത്താവ് അവരോടു ക്ഷമിക്കുകയും ഉടമ്പടി നവീകരിക്കാൻ തയ്യാറാവുകയും ചെയ്തു. നവീകരണത്തിന്റെ ഭാഗമായി കർത്താവ് കല്പിച്ചതനുസരിച്ച് മോശ വീണ്ടും കല്പലകകളുമായി സീനായ് മലയിലേക്കു പോകുന്നതും അവിടെ വച്ച് മോശയ്ക്കു ദൈവദർശനം ലഭിക്കുന്നതുമാണ് ഇന്നത്തെ വായനയിൽ നാം ശ്രവിക്കുന്നത്. ദൈവം ഇവിടെ മോശയ്ക്കു തന്നെത്തന്നെ വെളിപ്പെടുത്തുകയാണ്. തന്റെ നാമം യാഹ്വെ എന്നാണെന്ന് ദൈവം വെളിപ്പെടുത്തി. തുടർന്ന്, അവിടുന്നു പ്രഖ്യാപിച്ചു, ദൈവം കാരുണ്യവാനും കൃപാനിധിയും കോപിക്കുന്നതിൽ വിമുഖനും സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനും തെറ്റുകളും കുറ്റങ്ങളും ക്ഷമിക്കുന്നവനും എന്നാൽ, കുറ്റം ചെയ്യുന്നവനെ ശിക്ഷിക്കുന്നവനുമാണെന്ന്. ഇവിടെയാണ് മോശ ദൈവത്തോട് അപേക്ഷിക്കുന്നത്, "കർത്താവേ, അങ്ങ് ഞങ്ങളുടെകൂടെ വരേണമേ." ദൈവം കൂടെവസിക്കുന്നവനാണ്. അതാണ് അമ്മാനുവേലായ ഈശോ.

**സഖറിയ 2:7–13:** യഹോവ ഓർമിക്കുന്നു എന്നർഥം വരുന്ന സഖറിയാപ്രവാചകന് ദൈവം തന്റെ ജനത്തെ ഓർമിക്കുന്നതിന്റെ തെളിവായി എട്ടു ദർശനങ്ങൾ നൽകുന്നുണ്ട് (1:7–6:8). കുതിരക്കാർ (1:7–17); കൊമ്പുകളും ലോഹപ്പണിക്കാരും (1:18–21); അളവുകാരൻ (2:1–13); ജോഷ്വായെ സ്ഥാനവസ്ത്രമണിയിക്കൽ (3:1–10); വിളക്കുകാലും, ഒലിവുമരങ്ങളും (4:1–14), പറക്കുന്ന ചുരുൾ (5:1–4); ഏഫാ യ്ക്കകത്ത് സ്ത്രീ (5:5–15); രഥങ്ങൾ (6:1–8). മൂന്നാമത്തെ ദർശനത്തിന്റെ ഭാഗമായി ചില അരുളപ്പാടുകളുണ്ട്. അതാണ് രണ്ടാമത്തെ വചനവായനയിൽ നാം ശ്രവിച്ചത്. തന്റെ ജനത്തിന്റെ കൂടെ വസിക്കുന്ന ഒരു ദൈവത്തെയാണ് നാമിവിടെ കണ്ടുമുട്ടുന്നത്. ഇസ്രയേൽ ദൈവത്തിന്റെ കൃഷ്ണമണിയാണെന്നാണു പരാമർശിച്ചിരിക്കുന്നത്; അതായത്, തന്റെ സ്വന്തമാണെന്ന്. വിപ്രവാസത്തിലായിരിക്കുന്ന ജനത്തോടു സന്തോഷിക്കാൻ ദൈവം പറയുന്നു; കാരണം, അവിടുന്ന് അവരുടെകൂടെ വസിക്കാൻ വരികയാണ്. ദൈവം കൂടെ വസിക്കുമ്പോഴാണ് സന്തോഷമുണ്ടാകുന്നത്.

**വെളിപാട് 21:17 :** പുതിയ ആകാശത്തെക്കുറിച്ചും പുതിയ ഭൂമിയെക്കുറിച്ചും പ്രതിപാദിക്കുന്ന വെളിപാടുപുസ്തകത്തിലെ വായന മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവരുന്ന ദൈവത്തെ അവതരിപ്പിക്കുകയാണ്. മഹത്ത്വീകരിക്കപ്പെട്ട സഭയിലേക്കു ദൈവം വരുന്നുവെന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള ഗാഢബന്ധത്തെയാണു സൂചിപ്പിക്കുന്നത്. സിംഹാസനത്തിൽ ഇരുന്നു സംസാരിക്കുന്നത് സർവശക്തനായ ദൈവംതന്നെയാണ്. ദൈവത്തിനുമാത്രം സാധ്യമായതാണ് പുനഃസൃഷ്ടിയും നവീകരണവും. ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ എന്ന പരാമർശം ഈശോയുടെ കൂടെവസിക്കലിന്റെ സൂചനയാണ്. ഈശോ ആൽഫയും ഒമേഗയുമാണ്. എല്ലാറ്റിന്റെയും ഉറവിടമാണ്. അവിടുന്നുതന്നെയാണ് ജീവജലത്തിന്റെ ഉറവ. ദൈവം കൂടെ വസിക്കുമ്പോഴാണ് നമുക്കു നിത്യജീവൻ ലഭിക്കുന്നത്.

**മത്തായി 1:18–24** മംഗളവാർത്തക്കാലത്തിലെ ഏറ്റവും മംഗളകരമായ വാർത്തയെക്കുറിച്ച് – ഈശോയുടെ ജനനം – നാം ഇന്നു വിചിന്തനം നടത്തുകയാണ്. പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ട കന്യകയായ മറിയം 'ദൈവം നമ്മോടുകൂടെ' എന്നർഥമുള്ള ഇമ്മാനുവേലിന് ജന്മം നൽകുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ മുഖ്യപ്രമേയം. ഈശോയുടെ ജനനത്തെ സംബന്ധിച്ചുള്ള ദൈവികരഹസ്യങ്ങൾ ഇവിടെ (1:18–24). വെളിവാക്കപ്പെടുകയാണ്.




യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായിക്കാണപ്പെട്ടു (1:18). ഈശോയുടെ ഉദ്ഭവരഹസ്യത്തിന്റെ ക്രിസ്തീയവിശദീകരണമാണിത്. യഹൂദപാരമ്പര്യത്തിൽ വിവാഹനിശ്ചയം വിവാഹത്തിനു തുല്യമായിരുന്നു; ഒപ്പം വിവാഹസമ്മതം നൽകിയിരിക്കുന്ന പെൺകുട്ടി പുരുഷന്റെ അധികാരപരിധിയിലുമായിരുന്നു. എന്നാൽ, വിവാഹത്തിനുമുമ്പ് പിതൃഗൃഹങ്ങളിൽ വസിക്കുന്ന പുരുഷനും സ്ത്രീയും വിവാഹശേഷംമാത്രമാണ് പരസ്പരം ഒരുമിക്കുന്നത്. മറിയത്തിന്റെ ഗർഭധാരണം മാനുഷികമല്ല; മറിച്ച്, ദൈവികമാണെന്ന് സമർഥിക്കാൻ മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്ന ആമുഖവാക്യമാണിത്.

മറിയത്തിന്റെ ഗർഭധാരണം മാനുഷികബന്ധത്തിൽനിന്നുള്ളതല്ല; മറിച്ച്, ദൈവികശക്തിയിൽനിന്നാണെന്നു വ്യക്തമാക്കുന്നതാണ് 'പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു' എന്ന പ്രയോഗം. മറിയത്തിന്റെ ഉദരത്തിൽ ഉദ്ഭവിച്ച ജീവൻ ദൈവികഇടപെടൽ വഴിയാണെന്നും അക്കാരണംകൊണ്ടുതന്നെ അത് 'കന്യകാഗർഭധാരണം' ആണെന്നും ഇതു വ്യക്തമാക്കുന്നു.

അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു (1:19). മറിയം ഗർഭിണിയായി കാണപ്പെട്ടപ്പോൾ യൗസേപ്പിലുണ്ടായ പ്രതികരണമാണിത്. വിവാഹനിശ്ചയം കഴിഞ്ഞ പെൺകുട്ടി സ്വന്തം പുരുഷനറിയാതെ ഗർഭിണിയായാൽ, യഹൂദനിയമമനുസരിച്ച് അവൾ കല്ലെറിഞ്ഞു കൊല്ലപ്പെടണം (നിയമ. 22:23,24). എന്നാൽ, മറിയത്തിന്റെ സ്വഭാവശുദ്ധിയിൽ സംശയമില്ലാത്ത യൗസേപ്പ് മറിയത്തോടു കരുണ നിറഞ്ഞ ഒരു സമീപനമാണു സ്വീകരിക്കുന്നത്. യൗസേപ്പ് നീതിമാനായിരുന്നു (dikaios–ദികായിയോസ് – righteous, just and upright)വെന്ന് വചനം പറയുന്നു. യൗസേപ്പിന്റെ നീതി കരുണയുടെ നീതിയാണ്. ഇതാണ് യൗസേപ്പിന്റെ ആദ്യപ്രതികരണം.

അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: "ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പിക്കും (1:20, 21). അസ്വസ്ഥമായ മനസ്സോടെ മാനുഷികമായ തീരുമാനമെടുത്ത യൗസേപ്പിനു ലഭിക്കുന്ന ദൈവദൂതന്റെ 'മംഗളവാർത്ത' യാണിത്. ദൈവികമായ പ്രതികരണത്തിലേക്കു നീങ്ങാൻ ഈ മംഗളവാർത്ത യൗസേപ്പിനെ പ്രാപ്തനാക്കുന്നു. മൂന്നു വെളിപ്പെടുത്തലുകളാണ് ദൈവദൂതൻ ഈ 'മംഗളവാർത്തയിൽ' നടത്തുന്നത്: 1. പരിശുദ്ധാത്മാവുവഴി മറിയം ഗർഭം ധരിച്ചു 2. മറിയം ഒരു പുത്രനെ പ്രസവിക്കും 3. മറിയത്തിന്റെ പുത്രൻ ജനത്തെ പാപത്തിൽനിന്നു മോചിപ്പിക്കും.

ഈശോയുടെ ജനനത്തെ പ്രവചനത്തിന്റെ പൂർത്തീകരണമായിട്ടാണ് മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഏശയ്യാ 7:14 ലെ പ്രവചനത്തിന്റെ പൂർത്തീകരണമാണിത്. 'ദൈവം നമ്മോടുകൂടെ' എന്നർഥമുള്ള 'ഇമ്മാനുവേൽ' എന്ന് ഈശോ വിളിക്കപ്പെടുമെന്നാണ് പ്രവാചകവചനം. ഈശോയുടെ ജനനം – 'ഇമ്മാനുവേൽ' അനുഭവം – ദൈവം കൂടെ വസിക്കുന്ന അനുഭവം തന്നെയാണ്.

ജോസഫ് നിദ്രയിൽനിന്നുണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു... അവൻ ശിശുവിന് യേശു എന്നു പേരിട്ടു (1:24,25). യൗസേപ്പിനു ലഭിച്ച മംഗളവാർത്തയെ അവൻ എപ്രകാരം സ്വീകരിച്ചുവെന്ന് ഈ വചനങ്ങൾ വ്യക്തമാക്കുന്നു. ദൈവദൂതന്റെ വാക്കുകളോട് അനുസരണമുള്ളവനായിരുന്നുകൊണ്ട് അതിനോട് അവൻ ഭാവാത്മകമായി പ്രവർത്തിച്ചു. മാനുഷികമായി യൗസേപ്പ് എടുത്ത തീരുമാനം മാറ്റി അവൻ ദൈവകല്പനയോടു വിധേയപ്പെട്ടു; മറിയത്തെ സ്വീകരിച്ചു. 'സ്വീകരിക്കുക', 'കൂടെ ച്ചേർക്കുക' എന്നീ അർഥങ്ങളുള്ള (Paralambanō പാരാലംബാനോ) എന്ന ക്രിയാപദം യൗസേപ്പിന്റെ ഭാവാത്മകപ്രതികരണത്തെയാണു സൂചിപ്പിക്കുന്നത്. ദൈവം കൂടെയുള്ളവന്റെ, ദൈവകല്പന പാലിക്കുന്നവന്റെ ഭാവമാണ് അപരനെ കാരുണ്യത്തോടെ സ്വീകരിക്കുകയെന്നത്. നീതിമാനായ യൗസേപ്പിന്റെ ഭാവം ഇതുതന്നെയായിരുന്നു. ■

# പങ്കുവയ്ക്കാൻ കൊള്ളാവുന്ന വിശേഷങ്ങൾ



ഷാജി മാലിപ്പാറ

ഒരു കടത്തുകാരൻ തന്റെ തോണിയുമായി പുഴക്കരയിൽ താമസിച്ചിരുന്നു. അയാൾ പതിവായി അതിരാവിലെ തോണിയിറക്കും. രാത്രിവരെ തോണി അക്കരയിക്കരെ തുഴയും. പുഴ കടക്കാൻ വരുന്ന യാത്രക്കാർക്ക് അയാൾ വലിയ സഹായമായിരുന്നു.

ഈ തോണിയിൽ അതിരാവിലെ പുഴകടക്കാൻ നിത്യവും ഒരു പണ്ഡിതൻ വന്നിരുന്നു. അദ്ദേഹം രാത്രിയിൽ, തോണിയുടെ അവസാനയാത്രയിലാണ് തിരികെപ്പോയിരുന്നത്. നിത്യവും രണ്ടുനേരം കാണുന്ന പണ്ഡിതൻ തോണിക്കാരന്റെ പരിചയക്കാരനായി മാറി. അയാൾ രാവിലെയും രാത്രിയിലും പണ്ഡിതനോടു വിശേഷങ്ങൾ ചോദിക്കും. പണ്ഡിതനാകട്ടെ അയാളുടെ ചോദ്യങ്ങൾക്കുത്തരം നൽകാൻ ഒട്ടും താത്പര്യം കാണിച്ചില്ല. 'അതേ' എന്നോ 'ഇല്ല' എന്നോ ഒക്കെ എന്തെങ്കിലും പറഞ്ഞെന്നുവരുത്തും. അത്രമാത്രം.



ഒരു ദിവസം രാത്രിയിൽ പതിവുപോലെ മടക്കയാത്രയ്ക്കായി പണ്ഡിതൻ തോണിയിൽ കയറി. അന്നു മറ്റു യാത്രക്കാർ ആരും ഉണ്ടായിരുന്നില്ല.

"ഞാൻ എന്നും അങ്ങയോടു വിശേഷങ്ങൾ ചോദിക്കും. അങ്ങ് ഒന്നും പറയാൻ കൂട്ടാക്കുന്നില്ല. നമ്മൾ ഇങ്ങനെ യാത്രചെയ്യുമ്പോൾ വിശേഷങ്ങൾ പങ്കുവയ്ക്കുന്നതു നല്ലതല്ലേ?" കടത്തുകാരൻ പണ്ഡിതനോടു ചോദിച്ചു.

"പങ്കുവയ്ക്കാൻ പറ്റിയ എന്തു വിശേഷങ്ങളാണുള്ളത്?"

"എന്തൊക്കെ വിശേഷങ്ങൾ ഉണ്ട്? സൂര്യൻ ഉദിക്കുന്നതുമുതൽ അസ്തമിക്കുന്നതുവരെ എന്തെല്ലാം കാര്യങ്ങളാണ് സംഭവിക്കുന്നത്? മഴയും വെയിലും മഞ്ഞും കാറ്റും ഒക്കെ വിശേഷമല്ലേ?" അതിലിത്ര പറയാൻ എന്തിരിക്കുന്നു എന്നായി പണ്ഡിതൻ.

"എന്നും ആരെങ്കിലുമൊക്കെ മരിക്കുന്നുണ്ടാവില്ലേ? പലരും കല്യാണം കഴിക്കുന്നു. കുട്ടികൾ ജനിക്കുന്നു. വീടു വയ്ക്കുന്നു. അങ്ങനെ നമുക്കു പറയാൻ പറ്റിയ വിശേഷങ്ങൾ ഒത്തിരി ഉണ്ടല്ലോ."

"ജനിക്കുന്നതും മരിക്കുന്നതും പറയാൻമാത്രം എന്താണുള്ളത്? സാധാരണമനുഷ്യരല്ലാതെ വിശേഷജന്മം വല്ലതും സംഭവിച്ചാലല്ലേ പറയേണ്ട കാര്യമുള്ളൂ. അങ്ങനെ വല്ലതും താങ്കൾക്കു പറയാനുണ്ടോ? ഉണ്ടെങ്കിൽ പറയ്."

"അതൊന്നുമില്ല. എന്നാലും എന്നും ഒരുമിച്ച് ഈ തോണിയിൽ കുറേസമയം ചെലവഴിക്കുന്ന നമുക്കു പരസ്പരം പങ്കുവയ്ക്കാവുന്ന എന്തെങ്കിലുമൊക്കെ ഉണ്ടാവില്ലേ?" കടത്തുകാരൻ വിട്ടുകൊടുക്കാൻ തയ്യാറാകാതെ ചോദിച്ചു.

"അങ്ങനെ എന്തെങ്കിലും ഉണ്ടാകാം." പണ്ഡിതൻ സമ്മതിച്ചപ്പോൾ കടത്തുകാരന്റെ മുഖം തെളിഞ്ഞു. "എങ്കിൽ അങ്ങനെയുള്ള എന്തെങ്കിലും പറഞ്ഞാൽ മതി."

"അതു പറയാം. ഇന്നലെ രാത്രി തോണിയിൽവച്ച് എന്റെ ഒരു നാണയം താഴെ വീണുപോയി. അത് എവിടെയെന്ന് ഞാൻ തിരയുന്നത് താങ്കൾ കണ്ടതാണല്ലോ. എൻെറ വിശേഷം അതാണ്. അതു ഞാൻ പറഞ്ഞു." പണ്ഡിതൻ പറഞ്ഞുനിർത്തിയെങ്കിലും കടത്തുകാരൻ ഒന്നും പറഞ്ഞില്ല. അപ്പോൾ അദ്ദേഹം തുടർന്നു: "ഇന്നു രാവിലെ തോണിയിറക്കുമ്പോൾ താങ്കൾക്ക് ഒരു നാണയം കളഞ്ഞുകിട്ടിയിട്ടുണ്ടാകും. അതല്ലേ താങ്കളുടെ ഇന്നത്തെ വിശേഷം? ഈ വിശേഷങ്ങൾ തമ്മിൽ ബന്ധമുണ്ട്. നമുക്കു പങ്കുവയ്ക്കാവുന്നതുമാണ്." വടി കൊടുത്ത് അടി വാങ്ങിയ അവസ്ഥയിലായ കടത്തുകാരൻ ഒന്നും മിണ്ടിയില്ല. പണ്ഡിതൻ കൂടുതലൊന്നും പറയാതെ തോണിയിൽനിന്ന് ഇറങ്ങുകയും ചെയ്തു.

■

# അനുരഞ്ജനത്തിന്റെ അൾത്താരയൊരുക്കാം

*1-ാം പേജ് തുടർച്ച*

മാർപാപ്പായെയും സീറോ മലബാർ സഭയുടെ സിനഡിനെയും കത്തോലിക്കാവിശ്വാസങ്ങളെയും മനപ്പൂർവം ധിക്കരിക്കാൻ നേതൃത്വം നൽകുന്നവർക്കുള്ള സന്ദേശവും മറുപടിയുമായി രണ്ട് ആദരണീയരായ വൈദികർ രംഗത്തുവന്നിരിക്കുന്നു: ഫാ. വറുഗീസ് വള്ളിക്കാട്ടും ഫാ. ഡോ. ജോഷി മയ്യാറ്റിലും.

'ആത്മനാശം ആർക്കും ഉണ്ടാകാതിരിക്കട്ടെ' എന്ന തലക്കെട്ടിൽ ഫാ. വറുഗീസ് വള്ളിക്കാട്ട് എഴുതിയ ലേഖനത്തിൽ അദ്ദേഹം ചോദിക്കുന്നു:

"സഭയിൽ രമ്യതയും സമാധാനവും കൂട്ടായ്മയും നിലനിർത്താൻ, ഈ അവസാനനിമിഷങ്ങളിലെങ്കിലും നിങ്ങൾ തയ്യാറാകുമോ? എങ്ങോട്ടാണു നിങ്ങളുടെ പോക്ക്? എന്താണു നിങ്ങളുടെ ലക്ഷ്യം? സഭയിൽ കലഹവും ഭിന്നതയും വിതയ്ക്കാൻ ആരാണു നിങ്ങൾക്കു ധൈര്യം നൽകുന്നത്?

മാർപാപ്പയെയും കത്തോലിക്കാസഭയെയും ദുർവ്യാഖ്യാനം ചെയ്തു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന്റെ ലക്ഷ്യമെന്താണ്?

വൈദികൻ പിഴച്ചാൽ, മാലാഖ പിഴച്ചതുപോലെയാണ്: മാനസാന്തരമുണ്ടാവുക എളുപ്പമല്ല! അതുകൊണ്ടു സൂക്ഷിക്കണം! ആത്മനാശം ആർക്കും ഉണ്ടാകാതിരിക്കട്ടെ!

ലൗകികദൃഷ്ടിയിൽ എല്ലാവരാലും തോല്പിക്കപ്പെട്ട കർത്താവാണ് ലോകത്തെ ജയിച്ചതും ഉയിർത്തെഴുന്നേറ്റതും എന്നു മറക്കാതിരിക്കുക! ദൈവത്തിൽ വിശ്വസിക്കുക. കർത്താവിന്റെ സഭയിലും വിശ്വസിക്കുക.'

'പുരോഹിതൻ എങ്ങനെ രാജാവായി' എന്നു ചോദിച്ചുകൊണ്ട് ഫാ. ജോഷി മയ്യാറ്റിൽ എഴുതുന്നു:

"താനാണു രാജാവ് എന്നു തോന്നുമ്പോഴാണ് ജനത്തെ മുഴുവൻനേരവും തന്റെ തിരുമുഖം കാണിച്ചാലേ തനിക്കു തൃപ്തിയാകൂ എന്ന നിലപാടിലേക്ക് ഒരു പുരോഹിതൻ എത്തുന്നത്. ഏകാഗ്രതയും ധ്യാനമനസ്സും നഷ്ടപ്പെട്ടാൽ, പിന്നെ തന്നിഷ്ടം പിന്തുടരുന്ന രാജവേഷം കെട്ടുന്നവരായി വൈദികർ മാറും. വിശ്വാസരഹസ്യങ്ങൾ പിന്നെ അർഥശൂന്യതയായി തോന്നും; സത്യവും നീതിയും തികച്ചും വ്യക്തിഗതമാകും; അനുസരണം കീഴടങ്ങലായി കരുതും; തന്ത്രങ്ങളും വ്യാജപ്രചാരണങ്ങളും ശക്തിപ്രദർശനങ്ങളും പെരുകും. കർദിനാളിനെതിരേയുള്ള വ്യാജരേഖയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരേയുള്ള കൂക്കുവിളിയും പേപ്പൽ ഡെലഗേറ്റ് വ്യാജനാണെന്ന പ്രചാരണവും അദ്ദേഹത്തിനെതിരേ നടത്തിയ പ്രതിഷേധവും ആക്രമണവും മാർപാപ്പയുടെകൂടെയാണു തങ്ങൾ എന്ന അവകാശവാദങ്ങളും നമ്മളാരും മറന്നിട്ടില്ലല്ലോ. ഇപ്പോൾ പറയുന്നത്, മാർപാപ്പയ്ക്കു തെറ്റുപറ്റി എന്നാണ്! 'നിങ്ങളെ ബോധ്യപ്പെടുത്താനായി വർഷങ്ങളായി മുന്നോട്ടുവച്ച കാരണങ്ങൾ ഞാൻ ശ്രദ്ധാപൂർവം സമയമെടുത്തു പഠിച്ചു' എന്ന് കൃത്യമായി പ്രസ്താവിച്ചിരിക്കുന്ന പാപ്പയെപ്പറ്റിയാണ് ഇപ്പോഴത്തെ ഈ വ്യാജപ്രചാരണം എന്നോർക്കുമ്പോൾ ചിരി വരുന്നു.



**'ജനാഭിമുഖകുർബാന' എന്ന പാഴ്വാക്ക്**

"എല്ലാ സഭകളിലും വചനപ്രഘോഷണം നിശ്ചയമായും ജനാഭിമുഖമാണ്. കാരണം, അത് ദൈവം തന്റെ ജനത്തോടു തിരുവചനത്തിലൂടെ സംസാരിക്കുന്ന അവസരമാണ്. ദൈവജനത്തെ അഭിസംബോധന ചെയ്യുന്ന കുർബാനയിലെ ചില ഭാഗങ്ങളും അത്തരത്തിലുള്ളവയാണ്. എന്നാൽ, ദിവ്യബലിയുടെ മറ്റു ഭാഗങ്ങളെല്ലാം അഭിസംബോധന ചെയ്യുന്നതു ദൈവത്തെയാണ്. മാത്രമല്ല, എല്ലാ ബലിയർപ്പണങ്ങളിലും ക്രിസ്തുവാണ് മുഖ്യശ്രദ്ധാകേന്ദ്രം. അതിനാൽ, പരിശുദ്ധ കുർബാന ഒരിക്കലും പുരോഹിതകേന്ദ്രീകൃതമല്ല, ക്രിസ്തുകേന്ദ്രീകൃതമാണ്.

"ദിവ്യബലിയർപ്പണം ആർക്കും തോന്നുന്നതുപോലെ ചെയ്യാനുള്ളതല്ല. പ്രബോധനാധികാരമുള്ള മെത്രാന്മാരുടെ സമിതി അംഗീകരിച്ചിട്ടുള്ള പ്രാർഥനകളും രീതികളും പൂർണമായും പിന്തുടരാൻ ഏവർക്കും കടമയുണ്ട്. കാരണം, ആരാധനക്രമം ദൈവശാസ്ത്രം പ്രകാശിപ്പിക്കുന്നു. വ്യക്തിഗതമായ പ്രാർഥനകൾ ലിറ്റർജിയിൽ കൂട്ടിക്കലർത്തിയാൽ പാഷണ്ഡതകൾ എന്നറിയപ്പെടുന്ന വിശ്വാസവിരുദ്ധ ആശയങ്ങൾ പ്രചരിക്കാനിടയാകും. സഭയിൽ അത്തരം അനുഭവങ്ങൾ ഏറെ ഉണ്ടായിട്ടുള്ളതിനാലാണ് ആരാധനക്രമസംബന്ധിയായ ചിട്ടകളും നിഷ്കർഷകളും നിലവിലുള്ളത്. അതിനാൽ, സീറോ മലബാർ സഭയിൽ പ്രബോധനാധികാരമുള്ള മെത്രാൻസിനഡ് ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ആരാധനക്രമം സമ്പൂർണമായി പാലിക്കാൻ ആ സഭയിലെ വൈദികർ, ഏതു രൂപതയിൽ പെട്ടവരായാലും, ബാധ്യസ്ഥരാണ്.

**കൂട്ടായ്മയ്ക്കായി വിട്ടുവീഴ്ചകൾ അനിവാര്യം**

"സ്വന്തം സഭയിലെ രണ്ടുതരം ആരാധനക്രമരീതികൾ സഭയുടെ കെട്ടുറപ്പിനെത്തന്നെ ഗുരുതരമായി ബാധിക്കുന്നുവെന്ന തിരിച്ചറിവിലാണ് സീറോ മലബാർ സിനഡ് കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ അന്ത്യവർഷങ്ങളിൽ ഏകീകൃതകുർബാനയ്ക്കുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചത്. രണ്ടു വിഭാഗവും - കൽദായരീതി ആദ്യന്തം പിന്തുടർന്നിരുന്ന രൂപതകളും എറണാകുളംരീതി പിന്തുടർന്നിരുന്ന രൂപതകളും - വിട്ടുവീഴ്ച നടത്തണമെന്നു തീരുമാനമായി. അങ്ങനെയാണ് 50:50 എന്ന ഫോർമുല ഭൂരിപക്ഷ തീരുമാനത്തോടെ നടപ്പിലായത്. ഇത് എറണാകുളം അതിരൂപതയിലെ വൈദികർക്കുമാത്രം ഇതുവരെയും സ്വീകാര്യമായിട്ടില്ല. അവിടെയും ചെറുതല്ലാത്ത ഒരു ഗണം വൈദികർ ഔദ്യോഗിക കുർബാനയർപ്പിക്കാൻ ഇഷ്ടപ്പെടുന്നവരാണ് എന്നതാണു സത്യം."

നമ്മുടെ ദൈവം, നമ്മുടെ സഭ, നമ്മുടെ വിശ്വാസം, നമ്മുടെ പിതാക്കന്മാർ, നമ്മുടെ വൈദികർ, സമർപ്പിതർ, എല്ലാവരും നമ്മുടെ സഹോദരങ്ങളെന്നു പറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഈ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ, വിശ്വാസതീക്ഷ്ണതയും വിശുദ്ധിയും വിവേകവുമുള്ള ഒരു മേജർ ആർച്ചുബിഷപ്പിനെ ജനുവരി ആദ്യആഴ്ചയിൽ തിരഞ്ഞെടുക്കും. സഭാ - സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളും ശക്തികളും ഒറ്റപ്പെടും, അവർ ഓടിയൊളിക്കും. സഭാംഗങ്ങളെല്ലാവരും അനുരഞ്ജിതമനസ്സോടെ സ്നേഹത്തിലും ഐക്യത്തിലും സമാധാനത്തിലും വ്യാപരിക്കാൻ നമുക്ക് ആത്മാർഥമായി പ്രാർഥിക്കാം.

■

# ത്യാഗധനനായ സുവിശേഷവാഹകൻ

1-ാം പേജ് തുടർച്ച

അപ്രകാരം നമ്മുടെ സഭയുടെ, ലോകത്തിലെ ഏറ്റവും വലിയ പൗരസ്ത്യസഭയായ സീറോ മലബാർ സഭയുടെ മഹിമ ലോകം മുഴുവൻ എത്തിക്കാനായി ആത്മാർഥമായി പരിശ്രമിച്ച ഒരു പിതാവായിരുന്നു മാർ ജോർജ് ആലഞ്ചേരി.

എല്ലാവരും കുർബാന ഒന്നുപോലെ ചൊല്ലണം എന്നുമാത്രമേ വലിയ പിതാവ് നിർബന്ധം പിടിച്ചുള്ളൂ. വിശുദ്ധകുർബാനയും സഭയും തമ്മിലുള്ള ബന്ധം എന്തെന്ന് എടുത്തുകാണിക്കുകയായിരുന്നു അതുവഴി അദ്ദേഹം ചെയ്തത്. പൗരസ്ത്യസഭകളുടെ സിനഡ് വളരെ ശക്തമായ, ആത്മീയമായ, വിശുദ്ധമായ ഒരു ഇൻസ്റ്റിറ്റ്യൂഷനാണ്. നമ്മുടെ സിനഡ്, ഹോളി സിനഡ് ആക്കേണ്ടത് നാമോരോരുത്തരുമാണ്. നമ്മുടെ അപ്പസ്തോലികമായ പാരമ്പര്യത്തെ അതിന്റെ ചരിത്രപരമായ വേരുകളിലൂടെ കാണേണ്ടതും പഠിക്കേണ്ടതും നാമോരോരുത്തരുമാണ്. നമ്മുടേത്, അപ്പസ്തോലികമായ, വിശുദ്ധ കുർബാനയിലധിഷ്ഠിതമായ, പരിശുദ്ധമായ ഒരു സിനഡായിരിക്കണമെന്ന് വളരെ മനോഹരമായി നമ്മെ പഠിപ്പിച്ചുകൊണ്ടിരുന്നു, ആലഞ്ചേരി വലിയ മെത്രാപ്പോലീത്താ.

ഞാൻ മനസ്സിലാക്കുന്നത്, സഭയിൽ ശാശ്വതമായി നിലനിൽക്കുന്നത് ചുരുക്കം ചില കാര്യങ്ങൾമാത്രമാണെന്നാണ്: രക്തസാക്ഷിത്വം, ലാളിത്യം, വിനയം, സ്നേഹം. ഈ നാലുവാക്കുകളിൽ നമുക്ക് ആലഞ്ചേരി വലിയ മെത്രാപ്പോലീത്തായെ നിർവചിക്കാം. അദ്ദേഹം ഈ നാലു വാക്കുകളുടെ ഐക്കണായിരുന്നു. ശ്രേഷ്ഠമായ ഇടപെടലുകളിലൂടെ സീറോ മലബാർ സഭയുടെ വലിയൊരു കൺസോളിഡേഷൻ പിതാവ് നടത്തിയിരുന്നു. എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്നതിന്, ലോകത്തിന്റെ അതിർത്തികൾവരെയുള്ള, പ്രവാസികൾ ഉൾപ്പെടെയുള്ള എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്നതിനു ശ്രമിച്ച് വളരെയധികം വിജയിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. പരിശുദ്ധമായ പാരമ്പര്യത്തെ കൺസേർവ് ചെയ്യുകയും റിസേർവ് ചെയ്യുകയും അതിലേക്കു വിശ്വാസികളെ കൺസോളിഡേറ്റ് ചെയ്യുകയുമായിരുന്നു അദ്ദേഹത്തിന്റെ പന്ത്രണ്ടു കൊല്ലത്തെ ശ്ലൈഹികശുശ്രൂഷയെന്നു നമുക്കറിയാം.



ഈശോയുടെ കൂട്ടത്തിൽ നിൽക്കാനും പരിശുദ്ധകുർബാനയിൽ എല്ലാം സമർപ്പിച്ചു പ്രാർഥിക്കാനുമാണ് വലിയപിതാവ് നമ്മെ പഠിപ്പിച്ചത്. മാസ്റ്റർ ഷെപ്പേർഡായ ഈശോയെ ഒരിക്കലും കൈവിടരുതെന്ന് അദ്ദേഹം നമ്മെ നിർബന്ധമായും പഠിപ്പിച്ചു.

നാം സീറോ മലബാർ സഭയുടെ ചരിത്രം പഠിക്കുമ്പോൾ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് ആലഞ്ചേരി വലിയ മെത്രാപ്പോലീത്താ സഭയുടെ തിളങ്ങുന്ന മാണിക്യമായിരുന്നുവെന്നാണ്. മാണിക്യത്തിന്റെ തിളക്കം ഒരിക്കലും കുറയുന്നില്ല. ലോകത്തിന്റെ അവസാനംവരെ അതിന്റെ ശോഭ വർദ്ധിച്ചുകൊണ്ടിരിക്കും. നമ്മുടെ സഭയിൽ തിളങ്ങുന്ന മാണിക്യമായി പെരുമാറിയ, ലോകം മുഴുവൻ സഭയുടെ പൈതൃകമായി, സുവിശേഷത്തിന്റെ വാഹകനായി ശുശ്രൂഷചെയ്ത സഭാതലവനെ നമ്മുടെ പ്രാർഥനകളിൽ കൂടുതലായി ഓർക്കാം.

To defend a country
you need army
To defend a civilization
you need education
To defend a church you
need Eucharist
Because Eucharist makes
the church

ഈയൊരു വലിയ ദൈവശാസ്ത്രമാണ്, ആത്മീയസന്ദേശമാണ് സ്ഥാനത്യാഗം ചെയ്ത വലിയ മെത്രാപ്പോലീത്താ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഞാൻ കരുതുന്നത്, പരിശുദ്ധപിതാവ് നമ്മുടെ വലിയമെത്രാപ്പലീത്തായുടെ രാജിക്കത്തു സ്വീകരിച്ചപ്പോൾ പിതാവിനെ സ്നേഹപൂർവം തലോടുകമാത്രമാണു ചെയ്തത് എന്നാണ്. ആ തലോടലിൽ നമുക്കിട്ട് ഒരു അടിയും തന്നിട്ടുണ്ട്. നമുക്ക് ആ വലിയ നായകന്റെ സന്ദേശം വേണ്ട രീതിയിൽ ഉൾക്കൊള്ളാനും ചേർന്നുനിൽക്കാനും ആത്മീയതയിൽ ഗാംഭീര്യമുള്ള ഒരൊറ്റ സിനഡായി, പവർഫുൾ സിനഡായി നിൽക്കാനും ചിലപ്പോഴൊക്കെ നമുക്ക്, ഞങ്ങൾക്ക് സാധിക്കാതെ പോയിട്ടുണ്ട്. നമുക്കോരോരുത്തർക്കുമുള്ള ഒരു തിരുത്തലാണ് പരിശുദ്ധപിതാവ് തന്നിരിക്കുന്നത്. നാം കൂടുതലായി സഭയുടെ പ്രബോധനങ്ങളെ, സഭാതലവന്റെ നിലപാടുകളെ, സഭയുടെ വിശുദ്ധമായ ശ്ലൈഹികപാരമ്പര്യത്തെ, രൂപതകൾതമ്മിലുള്ള കൂട്ടായ്മയെ എല്ലാം ഒന്നുകൂടി കണ്ണുതുറന്നു കാണണമെന്നുള്ള വലിയ പ്രബോധനം നമുക്കോരോരുത്തർക്കും വേണ്ടിയാണ് പരിശുദ്ധപിതാവ് നല്കിയിരിക്കുകയാണ്. നമ്മൾ അദ്ദേഹത്തെ വിമർശിച്ചിട്ടുണ്ടെങ്കിൽ, നാം നമ്മുടെ ദൈവാരാധനക്രമത്തെ വിമർശിച്ചിട്ടുണ്ടെങ്കിൽ നാം ഇതിനെല്ലാം ഉത്തരവാദികളാണ്. അതുകൊണ്ട് സഭയോടും സഭയുടെ പാരമ്പര്യങ്ങളോടും ചേർന്നുനിൽക്കാനുള്ള ഒരാഹ്വാനമായി ഈ സ്ഥാനത്യാഗത്തെ നാം ഉൾക്കൊള്ളണം, ഹൃദയത്തിൽ സൂക്ഷിക്കണമെന്ന് ഓരോരുത്തരെയും സ്നേഹപൂർവം ഓർമിപ്പിക്കുന്നു.

■

# ഉറുവാച്ചിയിലെ സുന്ദരി

6-ാം പേജ് തുടർച്ച

"ഏലക്കൊച്ച് ഇവിടെ വന്നിരുന്നേ. ബാലൻസ് തെറ്റി വീണാ നോക്കാൻ ഞാനേ ഇണ്ടാവുള്ളൂട്ടോ. ഇതൊക്കെ എന്നോട് പറഞ്ഞാ പോരേ? ഈ മത്ത്യാസെന്തിനാ പിന്നെ..."

"അമ്മച്ചിയോടു പറഞ്ഞു ജയിക്കാൻ എനിക്ക് വയ്യ. ഞാമ്പോണ്. ജോസൂട്ടി വർമ്പള്ളേക്കും പോത്തിറച്ചി വരട്ടണം." സലോമി പറഞ്ഞു.

"കേട്ടോ, മത്ത്യാസ് കേട്ടോ അവള് പറഞ്ഞത്. അവക്കറിയാം അവനിന്നു വരൂന്ന്. പെറ്റതള്ളയോട് അവൾ പറഞ്ഞിട്ടില്ല. ഇതു തന്നെയാ എന്റെ നീറ്റല്."

മത്ത്യാസ് തന്റെ സ്നേഹഭാജനത്തിന്റെ അടുത്തെത്തി പറഞ്ഞു:

"ഏലക്കൊച്ചിങ്ങ് വന്നേ. വെയില് മൂക്കുന്നു. എനിക്കു പോയേച്ച് പണീണ്ട്. വന്ന് അകത്തിരിക്ക്."

അയാൾ ഏലത്തിന്റെ കൈ പിടിച്ച് അകത്തേക്കു കയറാൻ തുടങ്ങിയതും നടവാതിൽക്കൽ ഒരു തലവെട്ടം കണ്ടു.

"ദാ വരണണ്ടല്ലോ ജോസ് മോനും, ജീനേം." മത്ത്യാസ് അത്യാഹ്ലാദത്തോടെ പറഞ്ഞു.

ഏലം തലയുയർത്തി നോക്കി. ജോസ്മോനാണ്. തന്റെ പൊന്നുമോൻ. ഏറെക്കാലം കൂടിയാണ് കാണുന്നത്. ചുമലുകൾ താഴ്ത്തി തലയും കുനിച്ചു നടന്നുവരുന്ന മകന്റെ അടുത്തേക്ക് ഏലം വേച്ചുനടന്നു. ജോസ്മോന്റെ നടപ്പിൽ വന്ന മാറ്റത്തെയും ക്ഷീണത്തെയും അവർ ശ്രദ്ധിച്ചുവീക്ഷിച്ചു. നിരാശ മുറ്റിയ മുഖം.

"എന്താടാ, എന്നാപറ്റി എന്റെ കുഞ്ഞിന്? മത്ത്യാസൊന്നു ചോദിച്ചേ." വൃദ്ധ മത്ത്യാസിനെ നോക്കി.

"നരച്ച കണ്ണിലെ വിഷാദത്തെ മത്ത്യാസിനുനേരിടാനായില്ല. അയാൾ നിശ്ശബ്ദനായി നിന്നു.

"എനിക്കിച്ചിരി കഞ്ഞിവെള്ളം വേണം അമ്മച്ചി," ജോസ്മോൻ അകത്തേക്കു കയറാതെ തിണ്ണപ്പടിയിൽ ഇരുന്നു.

"എടീ സലോമ്യേയ്, എടീ പെണ്ണേ, ചെറുക്കന് കൊറച്ച് വെള്ളമെടുക്കടീ."

ഏലം അകത്തേക്കു നോക്കി പറഞ്ഞശേഷം മകന്റെ അടുത്തിരുന്നു.

"എന്റെ പണി പോയി അമ്മച്ചി." അയാൾ വിതുമ്പിക്കൊണ്ട് ഏലത്തിന്റെ മടിയിലേക്കു തല ചായ്ച്ചു.

ഒരു നിമിഷംകൊണ്ട് ഏലം ഭൂതകാലത്തിലേക്കു പറന്നു. പേറ്റുനോവിന്റെ കനത്താൽ ഏലത്തിന്റെ അടിവയറ് തേങ്ങി. നെഞ്ചുകഴച്ചു. സ്വരം പൊട്ടി ഏലം വിളിച്ചു:

"ജോസ് മോനേ, അമ്മച്ചീടെ പൊന്നുങ്കട്ടേ...പണി പോയെങ്കി പോട്ട്. ഇതല്ലേ വേറൊന്ന്. അമ്മച്ചി ഒള്ളടത്തോളം കാലം നീ വെഷമിക്കരുത്. അമ്മച്ചി പറഞ്ഞാ അരുവിത്തറ പുണ്യാളന് കേക്കാണ്ടിരിക്കാൻ പറ്റൂല."

"എടീ സലോമ്യേയ്, നീ ഇച്ചിരി ചോറും കൂട്ടാനും ഇങ്ങോട്ടെടുത്തോ. എത്ര കാലമായി ഞാനെന്റെ ചെറുക്കന്റെകൂടെയിരുന്ന് എന്തേലും കഴിച്ചിട്ട്."

ഏലം ജോസ്മോന്റെ ഉള്ളം കൈയിലേക്ക് കിണ്ടിയിൽ വെള്ളം ഒഴിച്ചുകൊടുത്തു. നെഞ്ചത്തു പുതച്ചിരുന്ന തോർത്തെടുത്ത് മകന്റെ മുഖം തുടച്ചു.

മേശയ്ക്കിരുവശവുമായി ഇരിക്കുമ്പോൾ ഏലത്തിന്റെ കണ്ണുകളിലേക്ക് ഉച്ചവെയിൽ ഇരച്ചുകയറി. തന്റെ പ്രണയഭാജനത്തിന്റ മുഖത്തെ പൂത്തിരി കണ്ട് പോകാനിറങ്ങിയ മത്ത്യാസിനോട് ഏലം പറഞ്ഞു:

"മത്ത്യാസ് നാളെ നേരത്തെ വരണം. നമുക്ക് ജോസ്മോനേം കൂട്ടി ബേങ്കുവരെ പോണം."

ഏലത്തിന്റെ കണ്ണുകളിൽ വിരിഞ്ഞ വെയിൽപ്പൂക്കൾ അപ്പോൾ മത്ത്യാസിന്റെ കണ്ണുകളിലേക്കും പടർന്നുമിന്നി. ■



ഫാ. തോമസ് പാട്ടത്തിൽചിറ CMF

19 കുടുംബവിളക്ക്

## സമ്മാനം

സമ്മാനത്തെക്കുറിച്ചുള്ള അടിസ്ഥാന ബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കുടുംബത്തിലെ ഓരോ അംഗത്തിനും താൻ മറ്റുള്ളവർക്കായി ദൈവം ഭൂമിയിൽ തന്നിട്ടുള്ള സമ്മാനമാണ് എന്നുള്ള അടിസ്ഥാനബോധ്യം വേണം. സമ്മാനങ്ങൾ വ്യക്തികൾക്ക് അന്യോന്യമുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതീകങ്ങളാണ്. ഒരാൾക്കു നാം നല്കുന്ന സമ്മാനപ്പൊതി ആ വ്യക്തിയെക്കുറിച്ചു നാം സൂക്ഷിക്കുന്ന ഓർമകളുടെ വർണപ്പൊതിയാണ്. നാം ഇഷ്ടപ്പെടുന്നവരുമായാണ് സാധാരണ സമ്മാനങ്ങൾ കൈമാറുന്നത്. മറ്റൊരാൾക്കുവേണ്ടി ഏറ്റവും മനോഹരമായ സമ്മാനം നാം തിരഞ്ഞെടുക്കുന്നതുപോലെ നമ്മെയും ഏറ്റവും മനോഹരമായ ഒരു സമ്മാനമായി വേണം നൽകാൻ. സമ്മാനങ്ങൾ സന്തോഷദായകമാണ്. കൊടുക്കുന്നവർക്കും കിട്ടുന്നവർക്കും അവ ഒരുപോലെ ആനന്ദം പകരുന്നു. കുടുംബത്തിൽ ഓരോ അംഗവും ബാക്കിയുള്ളവർക്കു സന്തോഷത്തിനു ഹേതുവാകണം. ആരുടെയും ഒരു തരത്തിലുള്ള പെരുമാറ്റവും കൂടെയുള്ളവരുടെ കണ്ണീരിനു കാരണമാകാതെ സൂക്ഷിക്കണം.

ദമ്പതിമാർ ദൈവദത്തമായ സമ്മാനങ്ങളാണ്. ഈ തിരിച്ചറിവില്ലാതെ പോകുമ്പോഴാണ് കുടുംബാംഗങ്ങൾ പരസ്പരം ശല്യങ്ങളായി മാറുന്നത്. അന്യോന്യം സമ്മാനങ്ങളാകാൻ കുടുംബാംഗങ്ങൾ മറക്കുകയും മടിക്കുകയും ചെയ്യുമ്പോഴാണ് മറ്റു സമ്മാനങ്ങൾ തേടി ഓരോരുത്തരും പടിയിറങ്ങിപ്പോകുന്നത്. മത്സരങ്ങളിൽ ഒന്നാമതെത്തി സമ്മാനങ്ങളുമായി മടങ്ങിവരണമെന്ന് മക്കളോടു വാശിപിടിക്കുന്ന അപ്പനമ്മമാർ നാളിതുവരെ തങ്ങൾ മക്കൾക്കു തങ്ങളെത്തന്നെ സമ്മാനങ്ങളായി കൊടുത്തിട്ടുണ്ടോ എന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും. മാതാപിതാക്കളിൽനിന്നു സമ്മാനങ്ങൾ ആവശ്യപ്പെടുന്ന മക്കളും അപ്രകാരംതന്നെ ചെയ്യണം. ചെലവുചുരുക്കലിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം കുറയ്ക്കുന്ന ദമ്പതിമാർ തങ്ങളുടെ ഒരു കുഞ്ഞിനു കൊടുക്കൻ പറ്റുന്ന ഏറ്റവും നല്ല സമ്മാനം മറ്റൊരു കുഞ്ഞാണെന്ന സത്യം മറന്നുപോകരുത്. മാതാപിതാക്കളും മക്കളുമൊക്കെയാകുന്ന മിനുങ്ങുന്ന സമ്മാനപ്പൊതികൾ പരസ്പരം സ്നേഹത്തിന്റെ പൊൻനൂലിൽ കോർത്തുകെട്ടിയ വർണമാല്യമായി മാറട്ടെ ഓരോ ക്രൈസ്തവകുടുംബവും.

*'അവരെ ഞാൻ തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും സമ്മാനമായി കൊടുത്തിരിക്കുന്നു.' (ലേവ്യർ 8:19)*


നേർമൊഴി

# നിയമം പോരാ, മനസ്സു മാറണം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

സാക്ഷരതയിൽ മുമ്പിലെന്ന് അഭിമാനിക്കുന്ന കേരളീയർക്കു തലയുയർത്തി നടക്കാനാവാത്ത അവസ്ഥയാണ് ഇന്നുള്ളത്. അഭ്യസ്തവിദ്യർ പോലും സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയോ കൊല ചെയ്യപ്പെടുകയോ സ്വയം ജീവനൊടുക്കുകയോ ചെയ്യുന്നു. വിജ്ഞാനവും വികസനവും മനുഷ്യനെ സംസ്കാരചിത്തനോ വിവേകിയോ ധാർമികനോ ആക്കുന്നില്ല. പ്രാകൃതമായ പെരുമാറ്റത്തെയും ഹീനമായ മനസ്സിനെയും ഒളിപ്പിച്ചുവയ്ക്കാനുള്ള പരിശീലനമാണ് വിദ്യാഭ്യാസംകൊണ്ടും വികസനം കൊണ്ടുമൊക്കെ ലഭിക്കുന്നത്.



2021 ൽ 6800 ലധികം സ്ത്രീധനപീഡനക്കേസുകളാണ് രാജ്യത്തു രജിസ്റ്റർ ചെയ്യപ്പെട്ടത്. നിയമത്തിന്റെ കാർക്കശ്യംകൊണ്ടും ബോധവത്കരണത്തിന്റെ വിജയംകൊണ്ടും പീഡനസംഖ്യ 2014 നെക്കാൾ താഴ്ത്താനായത് ആശ്വാസം. 2014 ൽ സ്ത്രീധനപീഡനകേസുകൾ 8500 ലധികമായിരുന്നു. കേരളത്തിൽ കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ ഗുരുതരമായ നൂറിലധികം സ്ത്രീധനപീഡനക്കേസുകളുണ്ടായി.

സ്ത്രീധനസമ്പ്രദായം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. വേദകാലഘട്ടം മുതലേ വിവാഹിതർതമ്മിലോ കുടുംബങ്ങൾതമ്മിലോ മുതൽ കൈമാറുന്ന രീതിയുണ്ടായിരുന്നു. മിക്കയിടങ്ങളിലും വധുവിന്റെ വീട്ടുകാർ വരന്റെ വീട്ടുകാർക്കു സ്വത്ത് പണമായോ സ്ഥലമായോ സ്വർണമായോ നൽകിയിരുന്നു. ചിലർ അതിനെ സമ്മാനമായി കണക്കാക്കി. പെൺകുട്ടിയെ മറ്റൊരു വീട്ടിലേക്കു പറഞ്ഞയയ്ക്കുമ്പോൾ അവൾക്കു മാതാപിതാക്കളുടെ സ്നേഹത്തിന്റെ അടയാളമായ ഒരു സമ്മാനംപോലെ അതിനെ കണക്കാക്കി. തന്റെ മകളെ ഇനി സംരക്ഷിക്കേണ്ട പുരുഷന് അതിനൊരു സഹായമെന്ന നിലയിൽ ഈ സമ്മാനം വ്യാഖ്യാനിക്കപ്പെട്ടു. ഇത് എല്ലാ പ്രദേശങ്ങളിലും സംസ്കാരങ്ങളിലും സമുദായങ്ങളിലും നിലനിന്നിരുന്ന ഒരാചാരമാണ്. ക്രൈസ്തവ, ഹൈന്ദവസമുദായങ്ങളിൽ ഈ ആചാരത്തെ സ്ത്രീധനമെന്നു വിശേഷിപ്പിക്കുന്നു. മുസ്ലീങ്ങൾ അതിനെ 'മഹർ' എന്നു വിളിക്കുന്നു. ആഫ്രിക്കൻരാജ്യങ്ങളിൽ ഈ സമ്പ്രദായത്തിന്റെ പേര് 'ലൊബോള' എന്നാണ്.

ആദ്യകാലങ്ങളിലൊക്കെ സ്നേഹത്തിന്റെയും നീതിബോധത്തിന്റെയും അടയാളമായി ചെയ്തിരുന്ന ഈ കാര്യം പിന്നീട് ചിലർ അവകാശമാക്കിമാറ്റുകയും വിവാഹത്തിന്റെ വ്യവസ്ഥയാക്കിത്തീർക്കുകയും ചെയ്തു. അതു പിൽക്കാലത്തു വിലപേശലിലേക്കും കലഹത്തിലേക്കും വഴിതെളിച്ചു. അതിനെ നിയന്ത്രിക്കാനാണ് 1961 ൽ സ്ത്രീധനനിരോധനനിയമം നിലവിൽ വന്നത്. ഈ നിയമമനുസരിച്ചു സ്ത്രീധനം ചോദിക്കുന്നതും വാങ്ങുന്നതും നൽകുന്നതും കുറ്റകരമാണ്. ഐ.പി.സി. 498 എ പ്രകാരം ഇത് ജാമ്യമില്ലാക്കേസാണ്.

ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും സ്ത്രീധനരീതികൾ വ്യത്യസ്തമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ വിവാഹ 'മുതലായി' ജീവനോപാധികളാണു നൽകിയിരുന്നത്. കൃഷിയിടങ്ങൾ, ആടുമാടുകൾ, ജലസ്രോതസ്സുകൾ, ധാന്യങ്ങൾ തുടങ്ങി ജീവിതം സുഭിക്ഷമാക്കുന്നതിനുതകുന്ന വസ്തുവകകൾ കൈമാറിയിരിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ ചില ഗോത്രങ്ങൾക്കിടയിൽ നിലവിലിരുന്ന ഒരു പതിവ് ഓർമിക്കുന്നു. അവിടെ വധുവിനെ കിട്ടാൻ വരന്റെ വീട്ടുകാരാണ് 'മുതൽ' കൊടുക്കേണ്ടിയിരുന്നത്. അതില്ലാത്തതുകൊണ്ടു കെട്ടുമുടങ്ങി നില്ക്കുന്ന പുരുഷന്മാരെ അവിടെ കണ്ടിട്ടുണ്ട്. കെട്ടുപ്രായമാകുമ്പോൾ തൊഴിൽ ചെയ്തു മുതലുണ്ടാക്കി കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്നവരെയും അറിയാം.

മാതാപിതാക്കളുടെ സ്വത്തിന് ആൺമക്കൾക്കൊപ്പം തുല്യാവകാശം പെൺമക്കൾക്കുമുണ്ടെന്നു കോടതിവിധിയുള്ള കാലമാണിത്. വിവാഹത്തിനുമുമ്പോ വിവാഹസമയത്തോ വിവാഹശേഷമോ സ്ത്രീധനത്തർക്കമുണ്ടായാൽ കുറ്റക്കാരനാകുന്നത് പുരുഷനും അയാളുടെ കുടുംബക്കാരുമായിരിക്കുമെന്ന അവസ്ഥയും ഇന്നുണ്ട്. നിയമവും ശിക്ഷയും എത്ര വലുതായിരുന്നാലും പണത്തോടുള്ള ആർത്തി ശമിക്കാത്തിടത്തോളംകാലം ഗാർഹികപീഡനക്കേസുകൾ സംഭവിച്ചുകൊണ്ടേയിരിക്കും. പ്രശ്നപരിഹാരത്തിനുള്ള പ്രധാനമാർഗം ബോധവത്കരണത്തിലൂടെ സമൂഹത്തിന്റെ മനസ്സുമാറ്റുകയാണ്. സ്ത്രീധനം മഹാവിപത്താകയാൽ അതു കൊടുക്കില്ല വാങ്ങില്ല എന്നു ചിന്തിക്കുന്ന വധൂവരന്മാരും അവളുടെ മാതാപിതാക്കളുമുണ്ടാകണം. വിവാഹം കച്ചവടമല്ലെന്ന തിരിച്ചറിവിലേക്കു സമൂഹം മാറണം. മകനെ പണം മുടക്കി പഠിപ്പിച്ച് ഉയർന്ന ശമ്പളക്കാരനാക്കിയതുകൊണ്ടു കൂടുതൽ ചോദിക്കാമെന്നു ചിന്തിക്കുന്നവരുണ്ട്. പെണ്ണിന്റെ വീട്ടിൽ നല്ല സ്വത്തുള്ളതുകൊണ്ടു കൂടുതൽ ആവശ്യപ്പെടുന്നതിൽ തെറ്റില്ലെന്നു കരുതുന്നവരുണ്ട്. ഒന്നോ രണ്ടോ കിലോ സ്വർണവും കുറെ റിയൽ എസ്റ്റേറ്റുരേഖകളും ഒരു കോടിയുടെ മുകളിൽ വിലയുള്ള വാഹനവും രണ്ടോ മൂന്നോ അപ്പാർട്ടുമെന്റുകളും പെണ്ണിന്റെ വീട്ടുകാരുടെ കമ്പനികളിൽ തീരെ ചെറുതല്ലാത്ത ഓഹരികളും സമ്പന്നബന്ധങ്ങളിലെ ശരാശരി ഡിമാന്റുകളാണ്. പണം ഒരു കുടുംബത്തെയും ഭദ്രമാകുന്നില്ല; എന്നാൽ, പല കുടുംബങ്ങളെയും ഭദ്രതയും വിശുദ്ധിയും തകർക്കുന്നതിൽ പണത്തിനു വലിയ പങ്കുണ്ടുതാനും.

പെൺകുട്ടികൾ മാറിച്ചിന്തിക്കാൻ ശീലിക്കണം. താനാണു ധനമെന്ന് ആത്മവിശ്വാസത്തോടെ അവർ കരുതേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം, പെരുമാറ്റമഹിമ, ആത്മവിശ്വാസം, സഹനശേഷി, സേവനതത്പരത ഇതൊക്കെയാണ് ഒരു സ്ത്രീയുടെ ധനം. സ്ത്രീകളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സമൂഹമായി കേരളം മാറട്ടെ.

■

# 2024 കേരളസഭയിൽ യുവജനവർഷമായി ആചരിക്കും

കൊച്ചി: കേരള സഭാനവീകരണത്തിന്റെ രണ്ടാം ഘട്ടമായി 2024 'യുവജനവർഷ'മായി ആചരിക്കാൻ തീരുമാനിച്ചു. 2023 ൽ ഡിസംബർ 4,5,6 തീയതികളിലായി പാലാരിവട്ടം പിഒസിയിൽവച്ചു നടന്ന കേരള കത്തോലിക്ക മെത്രാൻസമിതിയുടെ സമ്മേളനാനന്തരം പുറത്തിറക്കിയ പത്രക്കുറിപ്പിലാണ് ഇക്കാര്യം അറിയിച്ചിരിക്കുന്നത്. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ചൈതന്യമാണ്. സഭ അവരെ നെഞ്ചോടു ചേർത്തുപിടിക്കണമെന്നും കെ.സി.ബി.സി. നേതൃത്വം ആഹ്വാനം ചെയ്തു.

കൂടുതൽ ഉത്തരവാദിത്വബോധത്തോടെ തങ്ങളുടെ ദൗത്യം സമൂഹത്തിൽ നിർവഹിക്കുന്നതിനും രാഷ്ട്രനിർമാണത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തുന്നതിനും യുവജനങ്ങൾക്കാകണം. ശാസ്ത്രം, വിശ്വാസം, രാഷ്ട്രീയം, സാഹിത്യം, കല, അധ്യാപനം, സാമൂഹിക സേവനം, മാധ്യമം എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിലുള്ള തങ്ങളുടെ നൈപുണി സമൂഹനിർമിതിക്കുവേണ്ടി വ്യയം ചെയ്യുന്നതിലൂടെ യുവത്വം ഫലദായകമായ കാലമാക്കുന്നതിന് അവർക്കു സാധിക്കും. യുവജനങ്ങളുടെ ബൗദ്ധിക സമ്പത്ത് രാജ്യത്തിനു നഷ്ടമാകാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുന്നതിനു ഭരണാധികാരികൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും കെ.സി.ബി.സി. പ്രസ്താവനയിൽ അറിയിച്ചു.

കവിത

ആവണി ഭാസ്കരൻ

# ജന്മസുകൃതങ്ങൾ

ചിലരുണ്ട്,
ചില നോവിന്റെ മൂലകളിൽ
ചടഞ്ഞുകൂടിയിരിക്കുന്നവർ
കാത്തിരിപ്പിന്റെ ജനലഴികളിൽ
തുരുമ്പു കൂടുകൂട്ടിയിട്ടും
നോക്കിനിൽക്കുന്നവർ.

ചിലർ,
കഴിഞ്ഞുപോയ്

നല്ല നാളുകളെയോർത്ത്
വിലപിക്കുന്നവർ
വഴിനീളെ ഓർമകളിൽ
ജീവിക്കുന്നവർ.

മറ്റുചിലർ,
തിരികെയെത്താത്ത,
തിരിഞ്ഞുനോക്കാത്ത,
മക്കൾക്കുവേണ്ടി
തേങ്ങലുകളെ
മാറോടടുക്കിപ്പിടിച്ചു
ഹൃദയം ചുരത്തുന്നവർ.

അപ്പോഴും ചിലരുണ്ട്,
സ്വന്തമല്ലെന്നറിഞ്ഞിട്ടും
സ്വന്തമായിക്കണ്ടു
ചേർത്തുപിടിക്കുന്നവർ
കാലം ചേർത്തുവച്ചവർ!

ശ്രേഷ്ഠമലയാളം

# സ്ഫോടവാദം



ഡോ. ഡേവിസ് സേവ്യർ

ഭർത്തൃഹരി എന്നൊരു സംസ്കൃതവൈയാകരണൻ ക്രിസ്തുവർഷം 650 നോടടുത്തു ജീവിച്ചിരുന്നു. വാക്യപദീയമാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതി. ഭാഷാതത്ത്വവിചാരങ്ങളെ പ്രകീർത്തിക്കുന്ന ഗ്രന്ഥമാണത്. വാക്യത്തെയും പദത്തെയും അധികരിച്ചു രചിച്ചതെന്നോ വാക്യം ആസ്പദമായ ശബ്ദത്തെ അടിസ്ഥാനമാക്കി രചിച്ചതെന്നോ ഉള്ള അർഥത്തിലാവണം വാക്യപദീയം എന്ന പേര് ഗ്രന്ഥത്തിനു നൽകിയത്.

വാക്യാർഥബോധത്തെപ്പറ്റി ഭർത്തൃഹരി ആവിഷ്കരിച്ച സിദ്ധാന്തമാണ് സ്ഫോടവാദം. പൊട്ടിവിരിയുക എന്നർഥമുള്ള 'സ്ഫുട്' (സ്ഫുട – വികസനേ) ധാതുവിൽനിന്നാണ് സ്ഫോടപദത്തിന്റെ നിഷ്പത്തി. "സ്ഫുടതി അർഥോ അസ്മാദ് ഇതി സ്ഫോടഃ"(നാഗേശഭട്ടൻ)* ഇതിൽനിന്ന് അർഥം പൊട്ടിപ്പുറത്തുവരുന്നതുകൊണ്ട് സ്ഫോടം എന്നു നിരുക്ത്യർഥം. ഒരു പദമോ വാക്യമോ ഉച്ചരിച്ച് അന്ത്യവർണത്തിലെത്തുന്നതോടെയാണ് അർഥബോധമുണ്ടാകുന്നത്. ആദ്യമാദ്യം വരുന്ന വർണങ്ങളുടെ സംസ്കാരം പിന്നീടുവരുന്ന വർണങ്ങളിലേക്കു പകരുന്നു. പൂർവവർണങ്ങളുടെ സംസ്കാരഭാരം പൂർണമാകുന്നത് അന്ത്യവർണം ഉച്ചരിക്കുന്നതോടെയാണ്. അർഥപ്രത്യായകമായ ഈ ശബ്ദതത്ത്വമാണ് സ്ഫോടം. ഉദാ. 'താ', 'മ', 'ര എന്നീ അക്ഷരങ്ങൾ മാത്രം കേട്ടാൽ അർഥബോധമുണ്ടാകുന്നില്ല അവ ചേർത്തുച്ചരിച്ചെങ്കിലേ അർഥം സ്പഷ്ടമാകൂ. അക്ഷരങ്ങൾ ചില സൂചന നൽകുമെങ്കിലും അവയ്ക്കു സവിശേഷമായ ആശയങ്ങളെ ആവഹിക്കാൻ കഴിയുകയില്ല. പദം പൂർണവിരാമത്തിൽ എത്തുന്നതോടെയാണ് അർഥം പൂർണമാകുന്നത്. അക്ഷരവും പദവും വാക്യവും ഭിന്നമല്ലെന്നും ശബ്ദത്തിനും അർഥത്തിനും തമ്മിലുള്ള ബന്ധം നിത്യമാണെന്നും ശബ്ദം മനസ്സിലുണ്ടാക്കുന്ന ബോധം സ്ഫോടത്തിനു കാരണമാകുമെന്നും ഭർത്തൃഹരി നീരീക്ഷിക്കുന്നു. "ഭർത്തൃഹരി എന്നൊരു സംസ്കൃതവൈയാകരണൻ ഉണ്ടായിരുന്നു. അദ്ദേഹം വാക്യസ്ഫോടസിദ്ധാന്തം ആവിഷ്കരിച്ചു. വാക്യം പൂർത്തിയാകുമ്പോൾ മിന്നൽപ്പിണർപ്പോലെ മനസ്സിൽ അർഥം സ്ഫുരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ മതം. വാക്കുകൾ കേവലസൂചകങ്ങൾമാത്രം. വാക്യത്തിന്റെ അർഥം വാക്കുകളുടെ അർഥത്തിന്റെ ആകെത്തുക അല്ല. വക്താവ്, ശ്രോതാവ്, സന്ദർഭം, സാഹചര്യം ഇങ്ങനെ പലതും ചേർന്ന് വാക്യാർഥം വെളിവാക്കുന്നു."**

* ഭർത്തൃഹരി, വാക്യപദീയം, വി. കെ. ഹരിഹരനുണ്ണിത്താൻ (വിവരണം), വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2017, പുറം – 12.

** വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം –34.

നോവൽ 6

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

പരിചാരിക വാതിൽ തുറന്നു.

സപ്രമഞ്ചത്തിൽ വിശ്രമിക്കുകയാണ് മഹാരാജ്ഞി. രണ്ടോ മൂന്നോ പരിചാരികമാർ റാണിയെ സേവിക്കുന്നുമുണ്ട്. കുമ്പിട്ടു വണങ്ങിക്കൊണ്ട് ഖിഷ്ഖാൻ അഭിവാദ്യം ചെയ്തു.

''മഹാരാജ്ഞി നീണാൾ വാഴട്ടെ.''

അപ്രതീക്ഷിതമായ വന്ദനമൊഴി മഹാരാജ്ഞിയെ ഉണർത്തി. തല്പത്തിൽ നിവർന്നിരുന്നുകൊണ്ട് അവർ പുരികമുയർത്തി.

“അടിയന് ഒരു കാര്യമുണർത്തിക്കാനുണ്ട്.”

അവൻ വിനയാന്വിതനായി.

“പറയൂ ഖിഷ്ഖാൻ. നാം കേൾക്കട്ടെ.”

രാജ്ഞിക്കു കൗതുകമായി.

അയാൾ എല്ലാക്കാര്യങ്ങളും വിശദമായി ഉണർത്തിച്ചു.

വാഷ്തിരാജ്ഞി ചാടിയെഴുന്നേറ്റ് കോപാക്രാന്തയായി പൊട്ടിത്തെറിച്ചു.

''കീടമേ, എങ്ങനെതോന്നി നിനക്ക് നമ്മുടെ മുന്നിൽ ഇക്കാര്യമുണർത്തിക്കാൻ?''

രാജ്ഞി ഉറഞ്ഞുതുള്ളി.

പൂച്ചയുടെ മുന്നിൽപ്പെട്ട എലിയെപ്പോലെ അവൻ നിന്നുവിറച്ചു.

“പേർഷ്യയിലെ മഹാരാജ്ഞി വീഞ്ഞുകുടിയന്മാരുടെ മുന്നിലേക്ക് അണിഞ്ഞൊരുങ്ങി എത്തണമെന്നോ?”

അവരുടെ കോപം ഉഗ്രരൂപത്തിലെത്തി.

''മഹാറാണി അവിടേക്കെത്തില്ല എന്നറിയിച്ചേക്കൂ.”

അലറുന്ന കടൽപോലെ ചാടിയെഴുന്നേറ്റ രാജ്ഞി ഖിഷ്ഖാനെ ആട്ടിപ്പായിച്ചു.

വാതിലടയ്ക്കാൻ പരിചാരികയോടാജ്ഞാപിച്ചു.

ഖിഷ്ഖാനു പിന്നാലെ റാണിയെ അണിയിച്ചൊരുക്കാൻ മുറിയിലെത്തിയ ഏഴു ഷണ്ഡന്മാരും ജീവനുംകൊണ്ടോടിപ്പുറത്തിറങ്ങി.

ഭയന്നുവിറച്ചാണ് കാത്തുനിന്നവരുടെ അടുത്തേക്ക് ഖിഷ്ഖാൻ ഓടിയെത്തിയത്. വരവു കണ്ടപ്പോൾത്തന്നെ കാര്യങ്ങളത്ര പന്തിയല്ല എന്നു വ്യക്തമായി.

നടന്നവയെല്ലാം അവനറിയിച്ചു. നാലുപേരും ഇതികർത്തവ്യതാമൂഢരായി.

ഇക്കാര്യം എങ്ങനെ ഇനി രാജാവിനെ അറിയിക്കും! അറിയിക്കുമ്പോൾ ഉണ്ടാകുന്ന പ്രതികരണം എന്തായിരിക്കും?

മഹാരാജാവ് വാഷ്തിരാജ്ഞിയോട് ഒരിക്കലും ഇങ്ങനെ ആജ്ഞാപിക്കരുതായിരുന്നു.

സ്വന്തം പട്ടമഹിഷിയെ രാത്രി വിരുന്നിൽ അണിയിച്ചൊരുക്കി പ്രദർശിപ്പിക്കുന്നത് എത്രമോശമാണ്.

രാജാവിന്റെ കുലമഹിമയല്ലേ ഇല്ലാതാവുന്നത്?സാമന്തന്മാരും പ്രമുഖന്മാരും അദ്ദേഹത്തെ രഹസ്യമായി നിന്ദിക്കുകയില്ലേ?

പ്രതാപവും ഐശ്വര്യവും പ്രദർശിപ്പിക്കാൻ ഇത്തരമൊരു വഴി തിരഞ്ഞെടുക്കേണ്ടായിരുന്നു.

ലഹരിയാണ് എല്ലാറ്റിനും കാരണം.

അത് സാത്താന്റെ ആയുധമാണ്.

വേണ്ടാത്തതു തോന്നാനും വേണ്ടാത്തതു പ്രവർത്തിക്കുവാനും പ്രചോദനം കൊടുക്കുന്ന സാത്താന്റെ ഉപകരണം.

രാജകീയമായ നിർബന്ധങ്ങളിൽ ന്യായത്തിനും നീതിക്കും ഇടമുണ്ടാവില്ലായിരിക്കും.

നീതി പ്രവർത്തിക്കേണ്ടവൻ തന്നെ പ്രിയതമയോട്, സ്ത്രീത്വത്തോട് ഇങ്ങനെ അനീതി പ്രവർത്തിക്കാമോ?

നിന്നനില്പിൽ മൊർദെക്കോയിയുടെ മനസ്സിലൂടെ ഈവിധം ചിന്തകളാണ് കടന്നുപോയത്

“ആരുമെന്താ ഒന്നും മിണ്ടാതെ നിൽക്കുന്നത്?”

ഹെഗായ് അന്വേഷിച്ചു.

എന്തുവന്നാലും നമുക്കിത് രാജസന്നിധിയിൽ ഉണർത്തിച്ചേ മതിയാവൂ.

ഷാസ്ഗസ് ഓർമ്മിപ്പിച്ചു.

അടിമകളും ജോലിക്കാരും വരുംവരായ്കകൾ നോക്കിനിന്നിട്ടു കാര്യമില്ലല്ലോ. ഉന്നതരുടെ ഇംഗിതമാണ് അവരുടേതും എന്നു കരുതുകയേ നിവൃത്തിയുള്ളൂ.

ഇടതുവശത്തെ ഉദ്യാനം തളർന്നുറങ്ങുന്നു. സൽക്കാരങ്ങളും ആഘോഷങ്ങളുമെല്ലാം അവസാനിച്ചു. നിശ്ശബ്ദതയുടെ പുതപ്പും മൂടിപ്പുതച്ചുകിടക്കുന്നു.

വലതുവശം ഇപ്പോഴും ഉത്സാഹത്തിലാണ്. അവിടെനിന്ന് ആരവങ്ങൾ ഉയരുന്നു. ചഷകങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദങ്ങൾ കേൾക്കാം. ചിലതൊക്കെ താഴെ വീഴുന്നുണ്ട്. അടിമപ്പെണ്ണുങ്ങളുടെ അടക്കിപ്പിടിച്ച ചിരികൾക്കിടയിലൂടെ പ്രഭുക്കന്മാരുടെ ദീർഘനിശ്വാസങ്ങൾ.

ആ മയക്കത്തിലേക്കാണ് രാജ്ഞിയുടെ പ്രഹരവുമായി കടന്നു ചെല്ലേണ്ടത്.

അർദ്ധബോധത്തിന്റെ സിംഹാസനം കല്പിക്കുന്നതെന്തായിരിക്കും?

എന്തായാലും അത് ഏറ്റെടുക്കാതെ നിവൃത്തിയില്ല.

ദൂതൻ വെറുമൊരു ഉപകരണം മാത്രമാണ്. ദൂതാണു കാര്യം.

ഉപകരണങ്ങൾ ഭയക്കാൻ പാടില്ല.

അതിനെ വലിച്ചെറിയാം, തകർത്തുടയ്ക്കാം പക്ഷേ, അതിനൊക്കെമുമ്പ് വീഞ്ഞായാലും വിഷമായാലും പകർന്നുനൽകുന്ന അസ്തിത്വങ്ങളാണ് ഉപകരണങ്ങൾ.

ദീർഘസമയത്തെ ആലോചനകൾക്കുശേഷം രാജസന്നിധിയിലേക്കു പോകാനുള്ള ദൗത്യം ഏറ്റെടുത്തത് മൊർദെക്കായാണ്.

ഉദ്യോഗത്തിലും പ്രായത്തിലും ഉയർന്നവൻ, പക്വതയുള്ളവൻ, കാര്യങ്ങൾ വളരെ സൗമ്യമായി അവതരിപ്പിക്കാൻ കഴിയുന്നവൻ, സർവോപരി ധീരൻ എന്നീ വിശേഷണങ്ങളാണ് അയാളെ തിരഞ്ഞെടുക്കാൻ കാരണം.

അയാൾ ഇസ്രായേലിന്റെ ദൈവത്തെ മനസ്സിൽ പ്രാർഥിച്ചു.

ധീരതയോടെ കൊട്ടാരം വിരുന്നുശാലയിലേക്കു നടന്നു.

അപൂർവങ്ങളിൽ അപൂർവമായ അറിയിപ്പുമായിട്ടാണ് മൊർദെക്കായി വിരുന്നുശാലയിലേക്ക് എത്തുന്നത്. രാജാവിന്റെ വിശ്വസ്തരായ ഏഴു ഷണ്ഡന്മാരും അകന്നുമാറിനില്ക്കുന്നു.

രാജ്ഞിയുടെ തിരസ്കാരവാർത്ത രാജാവിൽ ഉണ്ടാക്കുന്ന ഭാവഭേദങ്ങൾ എന്തൊക്കെയാവാം? നെഞ്ചു പിടപിടയ്ക്കുന്നുണ്ട്. ഒരു പക്ഷേ, പെട്ടെന്നു ഉണ്ടാകാവുന്ന ക്ഷോഭം ദൂതനിലേക്കു തിരിച്ചുവിട്ടാലോ! ആഘാതം താങ്ങാവുന്നതിലേറെയായിരിക്കും.

തിളയ്ക്കുന്ന കടലും ഉള്ളിൽ വഹിച്ചുകൊണ്ടാണ് അയാൾ വെണ്ണക്കൽമണ്ഡപത്തിലെ രാജ



പീഠങ്ങളുടെ അരികിലെത്തിയത്.

വിറയ്ക്കുന്ന തൊണ്ടയിൽ നിന്നും വാക്കുകളടർന്നുവീണു.

''മഹാരാജാവ് നീണാൾ വാഴട്ടെ.''

പന്തലിലെ ഉത്സവാഘോഷങ്ങളുടെ ബഹളങ്ങൾക്കിടയിൽ അയാളുടെ ശബ്ദം മുങ്ങിപ്പോയി. എങ്കിലും ആളനക്കം കണ്ടിട്ടാവും പ്രധാനസചിവൻ ഹാമാൻ അങ്ങോട്ടു തിരിഞ്ഞു.

യഹൂദരോട് എപ്പോഴും ഉള്ളിൽ വിരോധവുമായി ജീവിക്കുന്ന അയാളുടെ മുഖത്ത് ആ കാർക്കശ്യം അപ്പോഴും പ്രത്യക്ഷമായി. മൊർദെക്കായിയെ കാണുന്നതേ അയാൾക്കു ചതുർഥിയാണ്.

മഹാരാജാവിന്റെ കാരുണ്യം ഇരന്നുവാങ്ങി അനാവശ്യമായ സ്ഥാനമാനങ്ങൾ കടന്നുപിടിക്കുന്ന ഒരു യഹൂദൻ, പേർഷ്യൻജനതയ്ക്കു കിട്ടേണ്ട സൗഭാഗ്യങ്ങൾ തട്ടിപ്പറിക്കുന്നവൻ. ബാബിലോണിയായിൽ നിന്നു യുദ്ധത്തടവുകാരനായി എത്തിയവനാണ് ഇത്തിൾക്കണ്ണിപോലെ രാജകൊട്ടാരത്തെ ഒട്ടിനില്ക്കുന്നത്.

“മഹാരാജാവിനോട് സന്ദേശം ഉണർത്തിക്കാനുണ്ട്.”

''മൊർദെക്കായ് സൗമ്യമായി അറിയിച്ചു.”

“കടന്നു വാ...”

ഹാമാന്റെ പരുക്കൻശബ്ദം.

മൊർദെക്കായി മുന്നോട്ടു നടന്നുവന്ന് രാജസ്ഥാനിധിയിൽ കുമ്പിട്ടു.

“ഉം?”

ഒരു മൂളലായി രാജാവിന്റെ ചോദ്യം പുറത്തേക്കുവന്നു.

''മഹാറാണി തിരുമനസ്സിന്റെ ഒരറിയിപ്പുണ്ട്.”

മൊർദെക്കായി കൂടുതൽ വിനയാന്വിതനായി.

മഹാരാജാവ് പൊട്ടിച്ചിരിച്ചു.

“രാജ്ഞി എന്താണ് അറിയിച്ചത്? ഇങ്ങോട്ട് എഴുന്നള്ളാറായില്ലേ?”

“ഇതുവരെ ഷണ്ഡന്മാരുടെ അണിയിച്ചൊരുക്കൽ കഴിഞ്ഞില്ലെന്നുണ്ടോ?”

എന്തു മറുപടിപറയും എന്നറിയാതെ മൊർദെക്കായി ഒരു നിമിഷം വെമ്പി. മുന്നിൽ നിശ്ശബ്ദത ഒരു തിരശ്ശീല പോലെ വന്നുവീണു. പറയാതെ വയ്യ.

വളരെ പതിഞ്ഞ ശബ്ദത്തിൽ അയാൾ ആ തിരശ്ശീലമെല്ലെമെല്ലെ കീറാൻതുടങ്ങി. രാജ്ഞിയുടെ മനസ്സ് അതിനുള്ളിൽ തെളിഞ്ഞുതുടങ്ങുന്നുണ്ടായിരുന്നു.

''ക്ഷമിക്കണം തിരുമനസ്സേ. മഹാറാണി വളരെ ക്ഷീണിതയാണ്. വിരുന്നുശാലയിലേക്ക് എഴുന്നള്ളുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.”

അയാളതു പറഞ്ഞുതീരുംമുമ്പ് രാജാവ് ആക്രോശിച്ചു.

“കടന്നുപോ... എന്റെ മുന്നിൽ നിന്ന്.”

മൊർദെക്കായി വളരെപ്പെട്ടെന്ന് അവിടെനിന്നു രക്ഷപ്പെട്ടു.

അകാലത്തിൽ ഉയർന്നുപൊങ്ങിപ്പതിച്ച രാജാവിന്റെ ശബ്ദം സദസ്സിനെയാകെ നിശ്ശബ്ദമാക്കിക്കളഞ്ഞു. മുറിവേറ്റ സിംഹത്തെപ്പോലെ മഹാരാജാവ് കോപാക്രാന്തനായി.

പേർഷ്യാമഹാസാമ്രാജ്യത്തിന്റെ പൊതുസഭയുടെമുന്നിൽ താൻ അപമാനിക്കപ്പെട്ടു. രാജശാസനം തള്ളിക്കളഞ്ഞുകൊണ്ട് രാജ്ഞി ധിക്കാരം പ്രവർത്തിച്ചിരിക്കുന്നു.

രാജാവിന്റെ വിവർണമായ മുഖം തൊട്ടടുത്തിരിക്കുന്ന സാമന്തരാജാക്കന്മാർ ശ്രദ്ധിച്ചു. രാജ്ഞിയുടെ അനുചിതമായ പ്രവൃത്തി മൂലമുള്ള മാനസികസംഘർഷം ആ മുഖത്തു വായിച്ചെടുക്കാം. ചക്രവർത്തിയുടെ തീരുമാനം ഇനി എന്തായിരിക്കും?

സുപ്രധാനമായ കാര്യങ്ങൾ തീരുമാനിക്കുമ്പോൾ നീതിയിലും നിയമത്തിലും പണ്ഡിതരായ രാജ്യത്തെ പ്രമുഖരോട് ആലോചിക്കുക അഹസ്വേരുസ് മഹാരാജാവിന്റെ രീതിയാണ്.

ആ പതിവ് രാജ്ഞിയുടെ പ്രവൃത്തിയുടെ കാര്യത്തിലും രാജാവ് പിന്തുടർന്നു.

തന്നോടൊന്നിച്ചു വേദിയിലെ പീഠങ്ങളിൽ ഇരിക്കുന്ന ഏഴു പ്രമുഖ സാമന്തന്മാരോട് അദ്ദേഹം ചോദിച്ചു:

രാജശാസന ധിക്കരിച്ച വാഷ്തിരാജ്ഞിയോട് നാമെന്താണ് പ്രവർത്തിക്കേണ്ടത്?

ഉള്ളിൽ ആളിക്കത്തിയെരിയുന്ന കോപത്തിന്റെ പുറന്തള്ളലായിരുന്നു ആ ചോദ്യം.

സാമന്തരിൽ പ്രമുഖനായ മെമുഖാനാണ് ആദ്യം സംസാരിച്ചത്.

“രാജാവിനോടും പ്രഭുക്കന്മാരോടുംമാത്രമല്ല, ചക്രവർത്തിയുടെ എല്ലാ പ്രവിശ്യകളിൽനിന്നുമുള്ള ജനങ്ങളോടുമാണ് വാഷ്തിരാജ്ഞി തെറ്റുചെയ്തിരിക്കുന്നത്.”

എരിതീയിൽ എണ്ണപകരുന്ന അഭിപ്രായം.

മഹാരാജാവിന്റെ കണ്ണും മുഖവും ചുവന്നു. അതിനു കൂടുതൽ ആക്കംകൂട്ടുന്ന വിധം സാമന്തനായ ഷെത്താറും മെമുഖാന്റെ വാക്കുകളെ പിൻതാങ്ങി.

രാജ്ഞിയുടെ ഈ പ്രവൃത്തി മറ്റുള്ള വനിതകളറിയുമ്പോൾ പിന്നീടവരും ഭർത്താക്കന്മാരെ അനുസരിക്കാതെ അവജ്ഞയോടെ പെരുമാറും.”

അതുകൂടി കേട്ടപ്പോൾ അഹസ്വേരുസിന്റെ മുഖം ഉച്ചസൂര്യനെപ്പോലെ കത്തി. അദ്ദേഹം സിംഹാസനത്തിൽ ഇരുന്നു ഞെളിപിരികൊണ്ടു.

“അതു മാത്രമല്ല” മഹാരാജൻ, കർഷേണയും ചർച്ചകളിൽ ഭാഗഭാക്കായി.

“ഇക്കാര്യമറിയുന്ന സ്ത്രീകൾ ഇതെല്ലായിടത്തും വിളമ്പും. ജനങ്ങൾ മഹാരാജാവിനെ പരിഹസിക്കും.”

പ്രവിശ്യാപ്രധാനികളുടെ അഭിപ്രായങ്ങളോട് മേരെസ് രാജാവും യോജിച്ചു.

“അവർക്കു ശരിയായ ശിക്ഷ നല്കിയില്ലെങ്കിൽ ആളുകൾക്ക് അങ്ങയോട് അമർഷമുണ്ടാകും.”

എന്നാൽ സെഥാർ, അദ്മാഥാ എന്നീ സാമന്തന്മാർ രാജ്ഞിക്ക് അനുകൂലമായിട്ടാണ് സംസാരിച്ചത്.

വിരുന്നുകൾക്കുശേഷമുള്ള ക്ഷീണംമൂലമായിരിക്കും എന്നു പറഞ്ഞതു ശരിയാവാനേ തരമുള്ളൂ, അതിനാൽ അവരെ ശിക്ഷിക്കുന്നത് ഉചിതമല്ല.

ഇതായിരുന്നു അവരുടെവാദം.

പക്ഷേ, എതിർത്തവർ വിട്ടുകൊടുക്കാൻ ഭാവമില്ലായിരുന്നു. ഏഴുപേരിൽ നാലുപേർ ശക്തമായി ശിക്ഷയ്ക്കുവേണ്ടി വാദിച്ചു. ഒരാൾമാത്രം മൗനംപാലിച്ചു. താർഷിഷ് രാജാവ്.

തർക്കവിതർക്കങ്ങളിൽ രാജാവിന്റെ മനസ്സ് ഭൂരിപക്ഷത്തോടൊപ്പം ചേർന്നു.

ഈ സമയത്ത് വാഷ്തിരാജ്ഞി അടുത്തുണ്ടായിരുന്നെങ്കിൽ തലവെട്ടിക്കളയാനുള്ള കോപമുണ്ട് മഹാരാജാവിന്റെ ഉള്ളിൽ.

മഹാരാജാവ് പെട്ടെന്ന് ചാടിയെഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി നടന്നു. തൂങ്ങിക്കിടക്കുന്ന രാജകീയ ഉടവാളിന്റെ പിടിയിലേക്ക് അദ്ദേഹത്തിന്റെ വലതുകരം നീണ്ടു. അതവിടെ തെരുപ്പിടിപ്പിച്ചു കൊണ്ടിരുന്നു.

*(തുടരും)*


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
ക്രിസ്മസ്
ഫെസ്റ്റിവൽ
അതിശയിപ്പിക്കുന്ന
വിലക്കുറവിൽ
അതിനൂതനവിഭവങ്ങൾ
ഡിസംബറിന്റെ കുളിരിൽ
ക്രിസ്മസിനെ വരവേല്ക്കാൻ
നിങ്ങളോടൊപ്പം ഞങ്ങളുമുണ്ട്
വരൂ... സന്ദർശിക്കൂ...
✦ ക്രിസ്തുമസ് ട്രീകൾ
✦ ക്രിബ് സെറ്റുകൾ
✦ പുൽക്കൂടുകൾ
✦ നക്ഷത്രങ്ങൾ
✦ തോരണങ്ങൾ
✦ ക്രിസ്മസ് സമ്മാനങ്ങൾ
✦ ക്രിസ്മസ് പാപ്പാ ഉടുപ്പുകൾ
✦ ബലൂണുകൾ
✦ LED ബൾബുകൾ
✦ അലങ്കാര ലൈറ്റുകൾ
✦ ലേസർ ലൈറ്റുകൾ
ഈ ക്രിസ്മസ് സെന്റ് തോമസിനോടൊപ്പം
04822 215321, 6282632531

Deepanalam Weekly
RNI No : 16998/68
Vol. 56 No. 41 Date of Publication 14 Dec 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org